VOL NO: 06 I ISSUE 04
www.nerpatham.com
mail@nerpatham.com
2022 JANUARY 22 I ₹10

# നേർപഥം

വാരിക

## മുഗിളരാജാക്കന്മാരും ഇസ്‌ലാമും

ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്ന് മുച്ചൂടും പിഴച്ച ചിന്താധാരയാണ് ശീഈ വിശ്വാസികൾ പിന്തുടരുന്നത്. ശരിയായ ആദർശത്തിന്റെ വക്താക്കൾക്കിടയിൽ ജൂതന്മാരെ പോലെ നുഴഞ്ഞുകയറിയാണ് ഇവർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാറുള്ളത്. അഹ്‌ലുസ്സുന്നയുടെ ആദർശത്തിൽനിന്ന് അകന്നുനിൽക്കുന്ന കേരളത്തിലെ സമസ്തക്കാർക്കിടയിൽ ഇവർ തങ്ങളുടെ അജണ്ട അതിവേഗം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിന് വർത്തമാനകാല സംഭവവികാസങ്ങൾ സാക്ഷിയാണ്.

# സമസ്ത-ശീഈ ആദർശബന്ധം: സംസാരിക്കുന്ന തെളിവുകൾ



|| നോമോഫോബിയ
|| വധശ്രമവും മുഅ്ത യുദ്ധവും
|| മനുഷ്യചിന്തകളിലെ പ്രകൃതിവിരുദ്ധത





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0261

നേർപഥം

വാരിക

2022 ജനുവരി 22
1442 ജുമാദൽ ആഖിർ 19
പുസ്തകം 06 / ലക്കം 04






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

**സമസ്ത-ശീഈ ആദർശബന്ധം: സംസാരിക്കുന്ന തെളിവുകൾ**

മൂസ സ്വലാഹി കാര

**05**
മുഖമൊഴി
മുഗിള രാജാക്കന്മാരും ഇസ്‌ലാമും

**06**
ഹദീസ് പാഠം
ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ
അബൂഫായിദ

**07**
ലേഖനം
മനുഷ്യചിന്തകളിലെ പ്രകൃതി വിരുദ്ധത
മുഹമ്മദ് സ്വാദിഖ് മദീനി

**18**
ലേഖനം
സമയം നിശ്ചലമാകുന്നില്ല
സൽമാനുൽ ഫാരിസ്

**21**
ശാന്തിഗേഹം
വിമർശനങ്ങൾക്ക് മുന്നിൽ
ഡോ.സി.മുഹമ്മദ് റാഫി ചെമ്പ്ര

**22**
ക്വുർആൻ ദർശനം
അദ്ദാരിയാത് (വിതറുന്നവ)

**25**
വനിതാപഥം
ഉമ്മമാരറിയാൻ
സഹ്‌റ സുല്ലമിയ്യ

**26**
ചരിത്രപഥം
ഖയ്ബർ യുദ്ധം
ഹുസൈൻ സലഫി

**32**
ആരോഗ്യപഥം
നോമോഫോബിയ
ഡോ. സഫീറുദ്ദീൻ നഗരൂർ

**34**
കാഴ്ച
വിധിയൊഴുകും വഴി
ഇബ്നു അലി എടത്തനാട്ടുകര

# ശീഈ ചിന്താധാര ഇസ്‌ലാമികവിരുദ്ധം: വിസ്ഡം സെമിനാർ

കോഴിക്കോട്; ശിഈ ചിന്താധാര ഇസ്‌ലാമികവിരുദ്ധമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് സംഘടിപ്പിച്ച പഠനസെമിനാർ അഭിപ്രായപ്പെട്ടു. 'കേരള മുസ്‌ലിംകൾ: ശീഈസത്തിന്റെ കാണാപ്പുറങ്ങൾ' എന്ന വിഷയത്തിലായിരുന്നു സെമിനാർ.

ഇസ്‌ലാമിക വിശ്വാസത്തിന്റെയും കർമാനുഷ്ഠാനങ്ങളുടെയും മൗലിക തത്ത്വങ്ങൾക്ക് വിരുദ്ധമാണ് ശീഈ ആദർശം. ഇസ്‌ലാമിലെ ഒരു ചിന്താധാരയാണ് ശീഈ വിഭാഗങ്ങൾ എന്ന് പ്രചരിപ്പിക്കുന്നത് ഇസ്‌ലാമിക സമൂഹത്തോട് കാണിക്കുന്ന വലിയ ക്രൂരതയാണ്. കേരളത്തിലെ സംഘടിത മുസ്‌ലിം സമൂഹത്തിൽ കടന്നുകയറാനും വ്യക്തികളെ സ്വാധീനിച്ച് ശീഈ ചിന്തകൾ പ്രചരിപ്പിക്കാനും നടത്തുന്ന നീക്കങ്ങൾക്കെതിരെ മുസ്‌ലിം സമുഹം ജാഗ്രത പാലിക്കണമെന്നും സെമിനാർ ആവശ്യപ്പെട്ടു

കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ. അഷ്‌റഫ് അധ്യക്ഷനായി. ഫൈസൽ മൗലവി പുതുപ്പറമ്പ്, അബ്ദുൽ മാലിക് സലഫി എന്നിവർ വിഷയാവതരണം നടത്തി. സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ് സ്വാഗതവും കോഴിക്കോട് സൗത്ത് ജില്ല സെക്രട്ടറി ബഷീർ കുണ്ടായിത്തോട് നന്ദിയും പറഞ്ഞു. ■

# ഇരകളെന്നും പെൺജൻമങ്ങൾ, സാംസ്കാരിക രംഗം മൗനം വെടിയണം: വിസ്ഡം കമ്മ്യൂണിക്കേഷൻ വിംഗ്

മുക്കം: സാമൂഹിക ജീവിതത്തിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്ന ധാർമികാധ്യാപനങ്ങൾക്കെതിരെ വാചാലമായിരുന്ന സാംസ്കാരിക രംഗം സമകാലിക സംഭവങ്ങളിൽ ഇരകളാക്കപ്പെട്ട സ്ത്രീകളുടെ വേദനകളിൽ മൗനമവലംബിക്കുകയാണെന്നും അതിനെതിരെ സമൂഹം പ്രതികരിക്കണമെന്നും വിസ്ഡം കമ്യൂണിക്കേഷൻ വിംഗ് സംസ്ഥാന ലീഡർഷിപ് വർക്‌ഷോപ് ആവശ്യപ്പെട്ടു.

ആദരിക്കപ്പെടുന്ന സ്ഥാനമാനങ്ങൾ കുറ്റകൃത്യങ്ങൾക്ക് മൂടുപടമേകുകയും അതിന് നിയമം കാവൽ നിക്കുകയും ചെയ്യുന്ന സാഹചര്യം വേദനാജനകമാണ്. വിവാദമായ പങ്കാളി കൈമാറ്റ കേസിലും ലൈംഗികാക്രമണങ്ങൾക്ക് വിധേയമായ കന്യാസ്ത്രീ കേസിലും സിനിമാകലാകാരൻമാർക്കിടയിലെ വിവാദങ്ങളിലുമെല്ലാം ഇരകളാക്കപ്പെട്ടത് സ്ത്രീകളായിരിക്കെ സമൂഹം നിശ്ശബ്ദമാകുന്നത് ആശ്ചര്യമുളവാക്കുന്നതാണ്.

മാധ്യമ പ്രവർത്തനം ഇരകളുടെ കൂടെ നിൽക്കാനും ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകാനും കണ്ണീരൊപ്പാനും നിമിത്തമാകണം. നന്മയുടെ പ്രചാരണവും സാമൂഹിക സേവനവും രാഷ്ട്രസേവന സന്നദ്ധതയുള്ള തലമുറയ്ക്കായുള്ള വിജ്ഞാന പ്രസരണവും സാധ്യമാകുവാൻ മാധ്യമങ്ങൾ യത്നിക്കേണ്ടതുണ്ട് എന്നും സംഗമം അഭിപ്രായപ്പെട്ടു.

പീസ് റേഡിയോ സി.ഇ.ഒയും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയുമായ പ്രൊഫ.ഹാരിസ്ബിൻ സലീം ഉദ്ഘാടനം ചെയ്തു. ആകാശവാണി മുൻ ചീഫ് അനൗൺസർ ആർ കനകാംഭരൻ (ആർ.കെ) മുഖ്യപ്രഭാഷണം നടത്തി. പീസ് റേഡിയോ ഡയറക്ടറും വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറിയുമായ കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു.

മഞ്ചേരി എഫ്.എം റേഡിയോ അവതാരകൻ മൻസൂർ മണ്ണാർക്കാട്, വിസ്ഡം യൂത്ത് വൈസ് പ്രസിഡന്റ് മുജീബ് ഒട്ടുമ്മൽ, പീസ് റേഡിയോ ഡയറക്ടർമാരായ ആരിഫ്, വി.പി ബഷീർ മാസ്റ്റർ, ജുബൈൽ എടവണ്ണ, മെഹ്ബൂബ് പി.എച്ച്, മൻസൂർ പി.എച്ച്, വി.അബ്ദുല്ലത്തീഫ്, ഡോ. അബ്ദുൽ മാലിക്, വിസ്ഡം ഹെൽത്ത് കെയർ സംസ്ഥാന പ്രസിഡന്റ് ഡോ.സലീം, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഷഹബാസ് കെ അബ്ബാസ്, സെക്രട്ടറി ശമീൽ ടി എന്നിവർ പ്രസംഗിച്ചു. ■



# മുഗിളരാജാക്കന്മാരും ഇസ്‌ലാമും

മുസ്‌ലിംകളായ മുഗിളരാജാക്കന്മാർ പരമത വിദ്വേഷികളായിരുന്നെന്നും ഇന്ത്യയിൽ അക്രമികളായി കടന്നുവന്ന അവർ ക്ഷേത്രധ്വംസകരും കവർച്ചക്കാരുമായിരുന്നെന്നും സംഘപരിവാർ കേന്ദ്രങ്ങൾ പ്രചരിപ്പിക്കുവാൻ തുടങ്ങിയിട്ട് കാലമേറെയായി. ചരിത്രയാർഥാർഥ്യങ്ങൾ മറച്ചുവച്ച് അസത്യത്തെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുക വഴി തങ്ങളുടെ വർഗീയ അജണ്ടകൾ നടപ്പിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണിത് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ബാബരി മസ്ജിദ് വിഷയം തന്നെ ഉദാഹരണം.

വിമർശകരും അല്ലാത്തവരും മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. മുഗിളർ ഇന്ത്യയിൽ ഇസ്‌ലാമിന്റെ പ്രതിനിധികളായി പ്രത്യക്ഷപ്പെട്ടതായിരുന്നില്ല. ഇസ്‌ലാംമത പ്രചാരണത്തിനായല്ല അവർ ഇന്ത്യയിലെത്തിയത്. മുഗിളരുടെ മംഗോളിയൻ-പേർഷ്യൻ മിശ്രിത മതസംസ്കാരം ഇസ്‌ലാമിന്റെ മൗലിക ഘടനക്കും ആശയത്തിനും നിരക്കുന്നതുമായിരുന്നില്ല. ശീഇസത്തിന്റെയും പേർഷ്യനിസത്തിന്റെയും ഘടകങ്ങൾ മുഗിളർക്കിടയിൽ കൂടിയ തോതിൽ ഉണ്ടായിരുന്നു. ഇന്ത്യയിലെ ക്ഷേത്രസംസ്കാരവുമായും ഹൈന്ദവ മതാത്മകതയുടെ ഒട്ടനവധി വശങ്ങളുമായും തങ്ങളുടെ മതത്തെയും വിശ്വാസ നിലപാടുകളെയും കൂട്ടിയിണക്കിക്കൊണ്ട് മിശ്രിത രൂപത്തിലുള്ള മതഘടനക്ക് രൂപം നൽകിയവരാണ് അറിയപ്പെടുന്ന മിക്ക മുഗിള ചക്രവർത്തിമാരും. ഈ പട്ടികയിൽ നിന്ന് അകലത്തിൽ നിർത്താവുന്നത് ഔറംഗസീബിനെ മാത്രമാണ്. മതനിരപേക്ഷത, വിശാലചിന്ത എന്നിവയുടെയൊക്കെ പേരിൽ അറിയപ്പെടുന്ന എല്ലാ മുഗിള ചക്രവർത്തിമാരും സ്വന്തം മതത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധാലുക്കളായിരുന്നില്ല എന്നതാണ് യാഥാർഥ്യം.

പുതിയൊരു മതം സ്ഥാപിച്ചുകൊണ്ട് അക്ബർ ചക്രവർത്തി സ്വന്തം മതത്തോടുള്ള തന്റെ അകൽച്ചക്ക് ചരിത്രത്തിൽ ഇടം നൽകുകയും ചെയ്തു. മുഗിള സാമ്രാജ്യത്തിന് ഇസ്‌ലാമിന്റെ ചരിത്രത്തിൽ ഇടം നേടുവാനായിട്ടില്ലെങ്കിലും പിൽക്കാലത്ത് ഇന്ത്യയുടെ ചരിത്രത്തെ വർഗീയമായി രേഖീകരിച്ചവർ മുഗിളരെ മതഭ്രാന്തന്മാരായ മുസ്‌ലിം ഭരണാധികാരികളായി രേഖപ്പെടുത്തി. അവരുടെ ഭരണകാലം ഹൈന്ദവ ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും അപകടകരമായ ദശാസന്ധിയായി അവർ ചിത്രീകരിച്ചു. അതേറ്റുപിടിച്ച് സാധ്യമാകുന്നത്ര ഇസ്‌ലാം ഭീതി പരത്തി സംഘപരിവാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഏതു കാലഘട്ടത്തിലായാലും ഇസ്‌ലാമിനെ കുറിച്ചുള്ള ഭീതി വ്യാപിപ്പിക്കുന്നതിൽ തെറ്റായ ചരിത്രം സുപ്രധാന ഉപാധിയായി വിനിയോഗപ്പെട്ടുകാണാം. വിഭജനാനന്തര ഘട്ടത്തിൽ ഹിന്ദുത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടഴിച്ചുവിട്ട ചരിത്രത്തിന്റെ മുഖംമൂടിയണിയിക്കപ്പെട്ട നുണകൾ പ്രധാനമായും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറ്റാരോപണ വിധേയമാക്കുന്നവയായിരുന്നു.

ഇത്തരം കുറ്റാരോപണങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്‌ലിം നാമധാരികളായ ഭരണകർത്താക്കൾ, സുൽത്താന്മാർ, വിവിധ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്തിയ ഭരണാധികാരികൾ എന്നിവരുമായൊക്കെ ബന്ധപ്പെടുത്തിയുള്ള പല കഥകളും ഉണ്ടായിരുന്നു.

ഇന്ത്യയുടെ വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയും ഉൾപ്പെടെയുള്ള വിധ്വംസകതയായിരുന്നുവെന്ന് പരിവാറിന്റെ പൂർവികർ പ്രചരിപ്പിച്ചു. ടിപ്പുസുൽത്താനും ഇതിന്റെയൊരു ഇരയാണ്. സവർണഹിന്ദുക്കളുടെ സാമൂഹ്യഭീതിയിൽ നിന്നാവിർഭവിച്ച വിദ്വേഷം പിൽക്കാലത്ത് കൃത്രിമമായ ചരിത്രനിർമാണത്തോളം വികസിക്കുകയായിരുന്നു. ചരിത്രാപനിർമാണം ഇന്നും ഇക്കൂട്ടർ നടത്തിക്കൊണ്ടേയിരിക്കുകയാണ്. ■



# ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ

അബൂഫായിദ

സ്വഫിയ്യ(റ) നിവേദനം; നബി(സ്വ)പറഞ്ഞു: ''വല്ലവനും ജ്യോത്സ്യന്റെ അടുത്തു ചെല്ലുകയും എന്തെങ്കിലും ചോദിക്കുകയും അവൻ പറഞ്ഞതിനെ സത്യപ്പെടുത്തുകയും ചെയ്താൽ അവന്റെ നാൽപതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല'' (മുസ്‌ലിം)

ഭാവിയെപ്പറ്റി ചിന്തിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുന്ന ഏക ജീവി മനുഷ്യനാണ്. നല്ലൊരു ജോലി ലഭിക്കുമോ? വിവാഹം എന്നു നടക്കും? തന്റെ ആശകളെല്ലാം സഫലമാകുമോ? ദീർഘായുസ്സുണ്ടാകുമോ? ജീവിതത്തിൽ വല്ല വിപത്തും നേരിടേണ്ടിവരുമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ ഉള്ളിൽ വെച്ചുകൊണ്ടുനടക്കുന്നവനാണ് മനുഷ്യൻ. അതിന്റെയെല്ലാം ഉത്തരമറിയാൻ അടങ്ങാത്ത കൊതി അവനുണ്ടായിരിക്കും. അതുകൊണ്ടുതന്നെ അതെല്ലാം പ്രവചിക്കുന്നവരുണ്ടെന്നു കേൾക്കുമ്പോൾ അവരുടെയടുക്കലേക്ക് അവൻ ഓടിച്ചെല്ലുന്നു.

ജ്യോത്സ്യനോ, കൈനോട്ടക്കാരനോ, മുഖലക്ഷണം പറയുന്നവനോ, ആൾദൈവം ചമഞ്ഞു നടക്കുന്നവനോ, കപടസിദ്ധനോ... ഇങ്ങനെയുള്ള ആരുമാവട്ടെ അവന് 'കാണപ്പെട്ട ദൈവ'മായിത്തീരുന്നു. അവരുടെ വായിൽനിന്നും തന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനം കേൾക്കാൻ അവൻ അത്യാർത്തി കാണിക്കുന്നു. സന്തോഷകരമായ പ്രവചനങ്ങൾ കേൾക്കുമ്പോൾ അവൻ സംതൃപ്തനാകുന്നു. നിശ്ചിത ഫീസിനെക്കാൾ വലിയ തുക നൽകി പ്രവചനക്കാരെ പ്രീതിപ്പെടുത്താൻ അവൻ തയ്യാറാവുന്നു. അൽപം മോശമാണ് ഭാവി എന്ന നിലയ്ക്കാണ് പ്രവചനമെങ്കിലോ? അതിന് പരിഹാരക്രിയകൾ ചെയ്യണം! ഒരുപാട് ചെലവുവരും. സാരമില്ല. ദോഷം നീങ്ങിക്കിട്ടേണ്ടേ? പണച്ചെലവു കരുതി ഒന്നും ചെയ്യാതിരുന്നാൽ മുടിഞ്ഞുപോകില്ലേ! അവിടെയും മെച്ചം 'ഭാവി പ്രവചിച്ച' ചൂഷകന്!

ഇങ്ങനെ ഭാവിയെക്കുറിച്ചുള്ള വ്യാകുലതകളും മോഹങ്ങളുമായി പണവും ജീവിതവും തുലയ്ക്കുന്ന ഇയ്യാംപാറ്റകൾ നമുക്കു ചുറ്റും എമ്പാടുമുണ്ട്. ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും വെച്ചുപുലർത്തുന്നതിൽ ജാതി-മത വ്യത്യാസമില്ല.

എന്നാൽ ഇതെല്ലാം ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങൾക്ക് വിരുദ്ധമാണ്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് സ്രഷ്ടാവാണ്. ഓരോ ജീവിയുടെയും ഭാഗധേയം നിർണയിക്കുന്നത് അവനാണ്. അതിൽ നക്ഷത്രങ്ങൾക്കോ ഗ്രഹങ്ങൾക്കോ യാതൊരു പങ്കുമില്ല. അദൃശ്യകാര്യങ്ങൾ അറിയുന്നവൻ അവനാണ്. അതുകൊണ്ടുതന്നെ ഭാവി പ്രവചിക്കുന്നവരെ സമീപിക്കൽ ഇസ്‌ലാം വിലക്കി. ഒരു മുസ്‌ലിം അത്തരക്കാരെ സമീപിച്ച് അവരുടെ പ്രവചനത്തെ സത്യപ്പെടുത്തിയാൽ അവന്റെ നാൽപതുദിവസതെ നമസ്കാരം അല്ലാഹു സ്വീകരിക്കില്ല എന്നാണ് മുകളിൽ കൊടുത്ത നബിവചനത്തിൽ പറയുന്നത്. മറ്റൊരു റിപ്പോർട്ടിൽ അവൻ വിശുദ്ധ ക്വുർആനിൽ അവിശ്വസിച്ചവനാണ് എന്നാണുള്ളത്.

മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളെല്ലാം ദൈവവിധിക്കനുസൃതമായാണ് നടക്കുന്നത്. അവന്റെ വിധിയിൽനിന്ന് ഒളിച്ചോടാൻ ആർക്കും കഴിയില്ല. അവൻ വിധിച്ചത് അതിന്റെ സമയത്ത് സംഭവിക്കും. കർമം ചെയ്യലാണ് മനുഷ്യന്റെ കർത്തവ്യം. ഫലം നൽകുന്നത് സ്രഷ്ടാവാണ്. ഈ വിശ്വാസം ഉദ്ദിഷ്ടകാര്യം നടക്കുമ്പോൾ മനുഷ്യനെ അഹങ്കാരിയല്ലാതാക്കുന്നു. ഉദ്ദിഷ്ടഫലം ലഭിക്കാതിരുന്നാൽ നിരാശനാകാതെ ദൈവവിധിയെന്നു കരുതി സമാധാനമടയുന്നവനാക്കി അവനെ മാറ്റുകയും ചെയ്യുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:

''അവന്റെ പക്കലാകുന്നു അദൃശ്യജ്ഞാനത്തിന്റെ താക്കോലുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലെ ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല'' (6:59). ■



# മനുഷ്യചിന്തകളിലെ പ്രകൃതിവിരുദ്ധത

മുഹമ്മദ് സ്വാദിഖ് മദീനി
:8589917780

അല്ലാഹു മനുഷ്യരെ ആൺ, പെൺ വിഭാഗങ്ങളായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ഓരോരുത്തർക്കും അനുയോജ്യമായ ശാരീരികവും മാനസികവുമായ ഘടനകളും അവസ്ഥകളും അവൻ നൽകി. ആദിമ പിതാവായ ആദമിനെയും ഇണയെയും സൃഷ്ടിച്ചതിനെക്കുറിച്ച് അല്ലാഹു പറയുന്നു:

''മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ'' (ക്വുർആൻ 4:1).

അല്ലാഹുവിന്റെ അപാരമായ കഴിവുകളെ സംബന്ധിച്ച് വിശുദ്ധ ക്വുർആൻ ഉണർത്തവെ സൂറഃ അന്നജ്മിൽ ഇപ്രകാരം പറഞ്ഞു: ''ആൺ, പെൺ എന്നീ രണ്ട് ഇണകളെ അവനാണ് സൃഷ്ടിച്ചത്'' (53:45).

ആണിന്റെ ശാരീരികശേഷി സ്ത്രീക്ക് നൽകപ്പെട്ടിട്ടില്ല. ദൃഢമായ പേശിയും കായികബലവും സ്ത്രീകളെക്കാൾ കൂടുതൽ പുരുഷൻമാർക്കാണ് ഉള്ളത്. പുരുഷൻമാർ

നേടിയെടുക്കുന്ന ചില നേട്ടങ്ങൾഎപ്പോഴെങ്കിലും ഏതെങ്കിലും സ്ത്രീക്ക് ലഭിക്കുമ്പോൾ ആളുകൾ അതിനെ അത്ഭുതത്തോടെ നോക്കിക്കാണുന്നതും അതുകൊണ്ടാണ്.

കാര്യങ്ങളെ അവധാനതയോടെ സമീപിക്കൽ പുരുഷന്റെ അടയാളമാണെങ്കിൽ വൈകാരികമായി എടുത്ത് ചാടുന്ന അവസ്ഥയാണ് പലപ്പോഴും സ്ത്രീയിൽ കാണുവാൻ സാധിക്കുക. പെട്ടെന്ന് സങ്കടപ്പെടുന്ന സ്വഭാവവും സ്ത്രീയിലാണ് കാണപ്പെടുന്നത്. അല്ലാഹു പറയുന്നു: ''ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച രീതിയെ തന്നെയാണ് സത്യം'' (ക്വുർആൻ 92:3).

നൂറ്റാണ്ടുകൾ കഴിഞ്ഞ് ലഭിക്കുന്ന മനുഷ്യ അസ്ഥികൂടം പോലും പുരുഷന്റെതാണോ സ്ത്രീയുടെതാണോ എന്ന് തിരിച്ചറിയാൻ സാധിക്കുന്നതും സൃഷ്ടിപ്പിലുള്ള വ്യത്യാസം കൊണ്ടാണ്.

സ്ത്രീയെ സ്ത്രീയായും പുരുഷനെ പുരുഷനായും വേർതിരിച്ച് കാണുവാനും പ്രപഞ്ച സ്രഷ്ടാവിന്റെ സൃഷ്ടിപ്പിനെ പൂർണമായി അംഗീകരിക്കുവാനുമാണ് മനുഷ്യൻ തയ്യാറാകേണ്ടത്. വേഷവിധാനത്തിലും ഈ വേർതിരിവ് മനുഷ്യസമൂഹം പൊതുവെ പൗരാണിക കാലം തൊട്ടേ അംഗീകരിച്ചുവരുന്ന കാര്യമാണ്. അല്ലാഹു പറയുന്നു: ''..ആണ് പെണ്ണിനെപ്പോലെയല്ല...'' (ക്വുർആൻ 3:36).

തങ്ങളുടെ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും വ്യക്തമായ മറുപടിയും പരിഹാരവും തങ്ങൾ വിശ്വസിക്കുന്ന മതത്തിൽനിന്ന് ലഭിക്കുന്നില്ല എന്ന കാരണത്താൽ പാശ്ചാത്യലോകത്ത് അനേകർ മതവിരക്തരായിത്തീർന്നു. അങ്ങനെ 'സ്വതന്ത്ര ചിന്തകൾ' അവർക്കിടയിൽ വ്യാപകമാവുകയും മതത്തിന്റെ വേലിക്കെട്ടുകൾ അവർ പൊട്ടിച്ചെറിയുകയും ചെയ്തു. ആൺ-പെൺ വേർതിരിവിനെ പഴഞ്ചനായി അവർ വിധിയെഴുതി. വേഷവിധാനത്തിൽ വ്യത്യാസം കാണിക്കലിനെ അനീതിയായി അവർ കൊട്ടിഘോഷിച്ചു. സ്വവർഗരതിയെ അവർ മഹത്ത്വവത്കരിച്ചു.

പാശ്ചാത്യലോകം കൊണ്ടുവന്ന ഇത്തരം പിഴച്ച ആശയങ്ങൾ ക്രമേണ പശ്ചിമേഷ്യയിലെ ദരിദ്ര രാജ്യങ്ങൾ പോലും പരിഷ്കാരത്തിന്റെ പേരിൽ ഏറ്റുപിടിച്ചു. ഇന്നിപ്പോൾ നമ്മുടെ സംസ്ഥാനത്തും ഇത്തരം ചിന്തകൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ലിംഗസമത്വം, ജെൻഡർ ന്യൂട്രൽ എന്നിങ്ങനെയുള്ള മുറവിളികൾ ഉയർന്നുകൊണ്ടിരിക്കുന്നു.

എന്നാൽ മനുഷ്യപ്രകൃതിക്ക് ഇണങ്ങുന്ന, ദൈവികമതമായ ഇസ്‌ലാമിന് എല്ലാ വിഷയങ്ങളിലും വളരെ വ്യക്തമായ നിലപാടുണ്ട്. പ്രായോഗികവും മനുഷ്യത്വപൂർണവും അനീതിയമുക്തവുമാണ് അതിലെ നിയമങ്ങൾ. ഇസ്‌ലാം സ്ത്രീയെ ആദരിക്കുന്നു. അവളുടെ സ്‌ത്രൈണതയെ അംഗീകരിക്കുന്നു. അവളുടെ ശാരീരികവും മാനസികവുമായ അവസ്ഥകൾക്കനുസരിച്ചുള്ള നിയമങ്ങളും നിർദേശങ്ങളും മാത്രം നൽകുന്നു. സ്ത്രീത്വത്തെ അതിന്റെ പവിത്രതയോടെ നിലനിർത്താൻ കൽപിക്കുന്നു. അപ്രകാരം തന്നെ പുരുഷപ്രകൃതിക്ക് അനുസരിച്ചുള്ള നിയമനിർദേശങ്ങൾ അവർക്കും നൽകുന്നു.

ഇബ്‌നു അബ്ബാസ്(റ) പറഞ്ഞു: ''സ്ത്രീകളോട് സാമ്യത പുലർത്തുന്ന പുരുഷൻമാരെയും പുരുഷന്മാരോട് സാദൃശ്യം കാണിക്കുന്ന സ്ത്രീകളെയും നബി(സ്വ) ശപിച്ചിരിക്കുന്നു...'' (ബുഖാരി).

സ്ത്രീകളുടെ ചലനരീതിയും വസ്ത്രധാരണവും ആഭരണം ധരിക്കലും കൊഞ്ചിക്കുഴയലും ലജ്ജയും പുരുഷൻ അനുകരിക്കുന്നതും പുരുഷന്മാരുടെ വസ്ത്രധാരണരീതിയും മറ്റും സ്ത്രീ പിൻതുടരുന്നതുമൊക്കെയാണ് ഈ ഹദീഥിൽ വിരോധിച്ചിരിക്കുന്നത്. എന്നാൽ ചിലർക്ക് ജന്മനാ ഉണ്ടാകുന്ന ചില സ്വഭാവ വ്യതിയാനങ്ങ

**തങ്ങളുടെ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും വ്യക്തമായ മറുപടിയും പരിഹാരവും തങ്ങൾ വിശ്വസിക്കുന്ന മതത്തിൽ നിന്ന് ലഭിക്കുന്നില്ല എന്ന കാരണത്താൽ പാശ്ചാത്യലോകത്ത് അനേകർ മതവിരക്തരായി ത്തീർന്നു. അങ്ങനെ 'സ്വതന്ത്ര ചിന്തകൾ' അവർക്കിടയിൽ വ്യാപകമാവുകയും മതത്തിന്റെ വേലിക്കെട്ടുകൾ അവർ പൊട്ടിച്ചെറിയുകയും ചെയ്തു. ആൺ-പെൺ വേർതിരിവിനെ പഴഞ്ചനായി അവർ വിധിയെഴുതി. വേഷവിധാനത്തിൽ വ്യത്യാസം കാണിക്കലിനെ അനീതിയായി അവർ കൊട്ടിഘോഷിച്ചു. സ്വവർഗരതിയെ അവർ മഹത്ത്വവത്കരിച്ചു. പാശ്ചാത്യലോകം കൊണ്ടുവന്ന ഇത്തരം പിഴച്ച ആശയങ്ങൾ ക്രമേണ പശ്ചിമേഷ്യയിലെ ദരിദ്ര രാജ്യങ്ങൾ പോലും പരിഷ്കാരത്തിന്റെ പേരിൽ ഏറ്റുപിടിച്ചു. ഇന്നിപ്പോൾ നമ്മുടെ സംസ്ഥാനത്തും ഇത്തരം ചിന്തകൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ലിംഗസമത്വം, ജെൻഡർ ന്യൂട്രൽ എന്നിങ്ങനെയുള്ള മുറവിളികൾ ഉയർന്നുകൊണ്ടിരിക്കുന്നു.**

ഉല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. കാരണം അത് അവന്റെ പരിധിയിൽപെട്ട കാര്യമല്ല. അതിന്റെ പേരിൽ ആരും കുറ്റക്കാരാവുകയുമില്ല.

വളർന്നുവരുന്ന ചുറ്റുപാടുകളും സാഹചര്യങ്ങളും ശിക്ഷണങ്ങളും വഴി ആൺകുട്ടികളിൽ സ്ത്രൈണ സ്വഭാവം കാണപ്പെട്ടേക്കാം; മറിച്ചും സംഭവിക്കും. ഏതാനും പെൺകുട്ടികൾ ഉണ്ടായ ശേഷം ജനിക്കുന്ന ആൺകുട്ടി സഹോദരിമാരുടെ പരിചരണത്തിലും ലാളനയിലും വളരുമ്പോൾ അവരുടെ സ്വഭാവവും ചേഷ്ടകളും സ്വാഭാവികമായി അനുകരിക്കും. അതിനനുസരിച്ച് ചിലപ്പോൾ ഹോർമോൺ ഉൽപാദിപ്പിക്കപ്പെടുകയും ചെയ്തേക്കാം. ആൺകുട്ടികൾ മാത്രമുള്ള ചില മാതാപിതാക്കൾ അവരിൽ ചെറിയ കുട്ടിക്ക് പെൺകുട്ടികളുടെ വസ്ത്രം ധരിപ്പിക്കുകയും മുടി വെട്ടാതിരിക്കുകയും കണ്ണെഴുതിക്കൊടുക്കുകയും പെൺകുട്ടികളെ വിളിക്കുന്നതുപോലെ 'എടീ' എന്നും മറ്റും വിളിക്കുകയുമൊക്കെ ചെയ്യാറുണ്ട്. ഇത് ഭാവിയിൽ കുട്ടികളെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത ഏറെയാണ്. ഇതൊന്നും നല്ല ശിക്ഷണത്തിന്റെ ലക്ഷണമല്ല. പുരുഷൻമാർ, സ്ത്രീകളെ പോലെ കാതിൽ കമ്മൽ ധരിക്കുന്നതും വളയിടുന്നതുമൊക്കെ ഒഴിവാക്കേണ്ടതാണ്.

സ്വവർഗരതിക്കും ലൈംഗിക വൈകൃതങ്ങൾക്കും വഴിവെക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ കാരണമായിത്തീർന്നേക്കാം.

ഇസ്‌ലാം ഇത്തരം ഭിന്നലിംഗ സാദൃശ്യപ്പെടലിനെ പാപമായി കാണുകയും വിരോധിക്കുകയും ചെയ്തുകൊണ്ട് തെറ്റിലേക്കുള്ള കവാടം അടക്കുകയാണ് ചെയ്യുന്നത്. മാതാപിതാക്കളോട് ധിക്കാരം കാണിക്കുന്ന നീചൻമാരുടെ കൂട്ടത്തിലാണ് പുരുഷനായി നടിക്കുന്ന സ്ത്രീകളെ പ്രവാചകൻ ഉൾപ്പെടുത്തിയിരിക്കുന്നത്.

നബി(സ്വ) പറഞ്ഞു: ''മൂന്ന് വിഭാഗം ആളുകളെ അന്ത്യനാളിൽ അല്ലാഹു കാരുണ്യത്തോടെ നോക്കുകയില്ല. മാതാപിതാക്കളോട് ധിക്കാരം കാണിക്കുന്നവൻ, പുരുഷന്മാരോട് സാദൃശ്യം കാണിക്കുന്ന സ്ത്രീ, സ്വന്തം കുടുംബത്തിന്റെ അശ്ലീലതക്ക് കൂട്ടുനിൽക്കുന്നവൻ'' (നസാഈ).

ലൈംഗികസ്വത്വത്തെ തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള നല്ല ശിക്ഷണങ്ങൾ വീട്ടിൽനിന്നും കലാലയങ്ങളിൽനിന്നും സമൂഹത്തിൽനിന്നും മക്കൾക്ക് ലഭിക്കേണ്ടതുണ്ട്. നബി(സ്വ) പറഞ്ഞു: ''തന്റെ ചെലവിന് കീഴിൽ ജീവിക്കുന്നവരെ അവകാശങ്ങൾ ഒന്നും നൽകാതെ പാഴാക്കൽ പാപമാണ്.''

ശിക്ഷണങ്ങളുടെ അഭാവം ഒരു വിഭാഗത്തെ മൂന്നാം ലിംഗമാക്കിത്തീർക്കുവാനും അതുവഴി സമൂഹത്തിൽ മൂല്യച്യുതി സംഭവിക്കുവാനും ഇടവരരുത്. കാക്ക കുളിച്ചാൽ ഒരിക്കലും കൊക്കാവുകയില്ല എന്ന പഴമൊഴി മറക്കാതിരിക്കട്ടെ. ആണ് ആണായും പെണ്ണ് പെണ്ണായും ജീവിക്കട്ടെ. ■

**വളർന്നുവരുന്ന ചുറ്റുപാടുകളും സാഹചര്യങ്ങളും ശിക്ഷണങ്ങളും വഴി ആൺകുട്ടികളിൽ സ്ത്രൈണ സ്വഭാവം കാണപ്പെട്ടേക്കാം; മറിച്ചും സംഭവിക്കും. ഏതാനും പെൺകുട്ടികൾ ഉണ്ടായ ശേഷം ജനിക്കുന്ന ആൺകുട്ടി സഹോദരിമാരുടെ പരിചരണത്തിലും ലാളനയിലും വളരുമ്പോൾ അവരുടെ സ്വഭാവവും ചേഷ്ടകളും സ്വാഭാവികമായി അനുകരിക്കും. അതിനനുസരിച്ച് ചിലപ്പോൾ ഹോർമോൺ ഉൽപാദിപ്പിക്കപ്പെടുകയും ചെയ്തേക്കാം. ആൺകുട്ടികൾ മാത്രമുള്ള ചില മാതാപിതാക്കൾ അവരിൽ ചെറിയ കുട്ടിക്ക് പെൺകുട്ടികളുടെ വസ്ത്രം ധരിപ്പിക്കുകയും മുടി വെട്ടാതിരിക്കുകയും കണ്ണെഴുതിക്കൊടുക്കുകയും പെൺകുട്ടികളെ വിളിക്കുന്നതുപോലെ 'എടീ' എന്നും മറ്റും വിളിക്കുകയുമൊക്കെ ചെയ്യാറുണ്ട്. ഇത് ഭാവിയിൽ കുട്ടികളെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത ഏറെയാണ്. ഇതൊന്നും നല്ല ശിക്ഷണത്തിന്റെ ലക്ഷണമല്ല.**



> ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്ന് മുച്ചൂടും പിഴച്ച ചിന്താധാരയാണ് ശീഈ വിശ്വാസികൾ പിന്തുടരുന്നത്. ശരിയായ ആദർശത്തിന്റെ വക്താക്കൾക്കിടയിൽ ജൂതന്മാരെ പോലെ നുഴഞ്ഞുകയറിയാണ് ഇവർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാറുള്ളത്. അഹ്‌ലുസ്സുന്നയുടെ ആദർശത്തിൽനിന്ന് അകന്നുനിൽക്കുന്ന കേരളത്തിലെ സമസ്തക്കാർക്കിടയിൽ ഇവർ തങ്ങളുടെ അജണ്ട അതിവേഗം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിന് വർത്തമാനകാല സംഭവ വികാസങ്ങൾ സാക്ഷിയാണ്.



# സമസ്ത-ശീഈ ആദർശബന്ധം: സംസാരിക്കുന്ന തെളിവുകൾ

മൂസ സ്വലാഹി കാര
:97473 45768

മനുഷ്യർക്ക് സമാധാനവും നിർഭയ ജീവിതവും വാഗ്ദാനം നൽകുന്ന, സ്രഷ്ടാവിന്റെ സമഗ്ര സന്ദേശമാണ് ഇസ്‌ലാം. നിഷ്‌കളങ്കമായ ഏകദൈവ വിശ്വാസവും അന്തിമദൂതന്റെ ജീവിതചര്യ അനുധാവനം ചെയ്യലുമാണ് അതിന്റെ അടിസ്ഥാനം. നബി(സ)യുടെ പ്രഖ്യാപനമായി ക്വുർആൻ പറയുന്നത് കാണുക: ''പറയുക: കീഴ്‌വണക്കം അല്ലാഹുവിന് നിഷ്‌കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ കീഴ്‌പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന നൽകപ്പെട്ടിരിക്കുന്നു. പറയുക: ഞാൻ എന്റെ രക്ഷിതാവിനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തീർച്ചയായും ഞാൻ പേടിക്കുന്നു. പറയുക: അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്; എന്റെ കീഴ്‌വണക്കം അവന്ന് നിഷ്‌കളങ്കമാക്കിക്കൊണ്ട്'' (39:11-14).

അറിവ് നൽകപ്പെട്ടതിന് ശേഷവും സംശയരോഗത്തിന്റെ പിടിയിലമർന്ന് സമൂഹത്തിൽ ഭിന്നതയുണ്ടാക്കി കളിച്ച വിഭാഗമാണ് ജൂതന്മാർ. ദൃഢവിശ്വാസമില്ലായ്മയും അന്ധമായ അനുകരണവും ആശയക്കുഴപ്പത്തിലകപ്പെടലും ഈ ദുരന്തത്തിന് വഴിയൊരുക്കി.

അല്ലാഹു പറയുന്നു: ‘‘പൂർവവേദക്കാർ ഭിന്നിച്ചത് അവർക്ക് അറിവ് വന്നുകിട്ടിയതിന് ശേഷം തന്നെയാണ്. അവർ തമ്മിലുള്ള വിരോധം നിമിത്തമാണത്. നിർണിതമായ ഒരു അവധി വരേക്ക് ബാധകമായ ഒരു വചനം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് മുമ്പുതന്നെ ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ (ഉടനെ) തീർപ്പുകൽപിക്കപ്പെടുമായിരുന്നു. അവർക്ക് ശേഷം വേദഗ്രന്ഥത്തിന്റെ അനന്തരാവകാശം നൽകപ്പെട്ടവർ തീർച്ചയായും അതിനെപ്പറ്റി അവിശ്വാസജനകമായ സംശയത്തിലാകുന്നു’’ (42:14).

ഇസ്‌ലാം ശക്തമായി നിരോധിച്ച ശിർക്ക്, ആത്മീയ ചൂഷണം, പ്രമാണനിന്ദ്യത, മതതീവ്രത, വർഗീയത എന്നീ കാര്യങ്ങൾക്ക് മതപരിവേഷം നൽകുന്ന ഇരുട്ടിന്റെ മിത്രങ്ങൾ നാടുനീളെ വിലസുന്ന അവസ്ഥ അധികരിച്ചിട്ടുണ്ട്. ജൂതസൃഷ്ടിയായ ശിയാക്കളാണിതിന് ചുക്കാൻ പിടിക്കുന്നത്. അഹ്‌ലുസ്സുന്ന വൽജമാഅയെ വെറുത്തും അതിന്റെ പ്രാമാണിക നിലപാടുകളെ വിമർശിച്ചും പണ്ഡിതന്മാരെ അന്യായമായി ദ്രോഹിച്ചും ഇവർ സമൂഹത്തിൽ വേരുറപ്പിച്ചു. മതബോധം വറ്റാത്തവർക്ക് മാത്രമെ ഈ അക്രമങ്ങളെ ഗൗരവത്തിൽ കാണാനാകൂ.

അല്ലാഹു പറയുന്നു: ‘‘പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും അധർമവും ന്യായം കൂടാതെയുള്ള കയ്യേറ്റവും യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിന്റെപേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്’’ (7:33).

ഉറച്ച വിശ്വാസവും സത്യസന്ധതയുമുള്ളവർ പരീക്ഷിക്കപ്പെടുമെന്നത് അല്ലാഹു നമ്മെ അറിയിച്ച കാര്യമാണ്. അല്ലാഹു പറയുന്നു: ‘‘ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നതുകൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ?’’ (29:2).

വിശ്വാസ, കർമ വിഷയങ്ങളിൽ മതത്തോട് നാമമാത്രബന്ധം പോലുമില്ലാത്ത ശിയാക്കൾ മതവക്താക്കളായി അവതരിപ്പിക്കപ്പെടുന്നതും അവരിൽനിന്ന് മതത്തെ വായിക്കപ്പെടുന്നതും ഇമാമുമാരായ ബഗവി(റഹി), ഇബ്‌നു തൈമിയ്യ(റഹ്), ഇബ്‌നു അബ്ദിൽ വഹാബ്(റഹ്) എന്നിവർ ശീഈ സ്വാധീനത്തെ ഉന്മൂലനം ചെയ്യാൻ നടത്തിയ പരിശ്രമങ്ങളെ തീവ്രവാദവും മതവിരുദ്ധ പ്രവർത്തനങ്ങളുമായി ചിത്രീകരിക്കപ്പെടുന്നതും ഇതിന്റെ ഭാഗമാണ്. അഹ്മദ് സൈനീ ദഹ്‌ലാൻ, യൂസുഫ് നബ്ഹാനി തുടങ്ങിയ ശീഈ നേതാക്കൾ ഇതിനായി ജീവിച്ചവരുമാണ്.

അഹ്‌ലുസ്സുന്നയുടെ വേഷമണിഞ്ഞ പുരോഹിതന്മാർ കേരളത്തിൽ പഴയകാലം മുതൽക്കേ ശീഈവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയതിന്റെ അനന്തരഫലമായിട്ടാണ് സമസ്തയടക്കമുള്ള വ്യതിയാന കക്ഷികൾ ഉടലെടുത്തത്. ഇക്കൂട്ടർ ഒളിഞ്ഞും തെളിഞ്ഞും കാത്തുസൂക്ഷിച്ച ശീഈ ബന്ധം പരസ്യ വിചാരണ ചെയ്യപ്പെട്ടതിന്റെ ജാള്യം മറയ്ക്കാനുള്ള തത്രപ്പാടിലാണിപ്പോൾ. 2021 ഡിസംബർ രണ്ടാം ലക്കം സുന്നിവോയ്സിൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക:

‘‘കേരള മുസ്‌ലിംകളെ ലക്ഷ്യമിട്ട് ശീഇസം വലവിരിച്ചിട്ട് കാലമേറെയായി. ഉണർന്നിരിക്കുന്ന പണ്ഡിത നേതൃത്വത്തിന്റെ ജാഗ്രതയാണ് അത്തരക്കാരുടെ ശ്രമങ്ങളെ എക്കാലവും വിഫലമാക്കിയത്. സുന്നി കുപ്പായമണിഞ്ഞ് ശീഈ മാറാപ്പുകളുമായി ചിലർ ത്വരീഖത്തിന്റെ പേരിലാണ് നിലവിൽ കേരളത്തിൽ തലപൊക്കി തുടങ്ങിയിട്ടുള്ളത്. അതത് കാലഘട്ടങ്ങളിൽ മുളച്ചു

**ഇസ്‌ലാം ശക്തമായി നിരോധിച്ച ശിർക്ക്, ആത്മീയ ചൂഷണം, പ്രമാണ നിന്ദ്യത, മതതീവ്രത, വർഗീയത എന്നീ കാര്യങ്ങൾക്ക് മതപരിവേഷം നൽകുന്ന ഇരുട്ടിന്റെ മിത്രങ്ങൾ നാടുനീളെ വിലസുന്ന അവസ്ഥ അധികരിച്ചിട്ടുണ്ട്. ജൂതസൃഷ്ടിയായ ശിയാക്കളാണിതിന് ചുക്കാൻ പിടിക്കുന്നത്. അഹ്‌ലുസ്സുന്ന വൽജമാഅയെ വെറുത്തും അതിന്റെ പ്രാമാണിക നിലപാടുകളെ വിമർശിച്ചും പണ്ഡിതന്മാരെ അന്യായമായി ദ്രോഹിച്ചും ഇവർ സമൂഹത്തിൽ വേരുറപ്പിച്ചു. മതബോധം വറ്റാത്തവർക്ക് മാത്രമെ ഈ അക്രമങ്ങളെ ഗൗരവത്തിൽ കാണാനാകൂ.**

പൊന്തുന്ന വികല ആശയങ്ങളെ പിഴുതെറിയാൻ ബദ്ധശ്രദ്ധരായ പണ്ഡിതന്മാർ കേരളത്തിലുള്ളത് കൊണ്ട് അവയെല്ലാം വേരോടെ കരിഞ്ഞ് പോകുന്നതാണ് നമ്മുടെ മുന്നിലുള്ള ചിത്രം'' (സുന്നിവോയ്സ്, പേജ് 12).

ശീഈ ഭാണ്ഡം ചുമക്കുന്ന ഇവർക്ക് പരിഭവത്തെക്കാൾ പിഴവുകൾ തിരുത്താനുള്ള തിരിച്ചറിവാണുണ്ടാകേണ്ടത്. കള്ളത്തരങ്ങളുടെ കലവറയായ തീജാനി ത്വരീഖത്തിന്റെ 'മൊത്തവ്യാപാരി'യായ മറ്റൊരു മുസ്‌ലിയാർ എല്ലാം വിളിച്ച് കൂവിയതിനോടുള്ള അരിശമാണ് ഇവിടെ തീർത്തിരിക്കുന്നത്. കഅ്ബയെ നിന്ദിച്ചും സ്വഹാബത്തിനെ ഇകഴ്ത്തിയും പ്രമാണങ്ങളെ അവഗണിച്ചും പണ്ഡിതന്മാരെ അസഭ്യം പറഞ്ഞും പൊള്ളവാദങ്ങൾ നിരത്തിയും സലഫികളെ തീവ്രവാദികളാക്കിയും അയാൾ തന്റെ ത്വരീഖത്ത് കൊണ്ട് അലയുകയാണ്. സ്വബോധമില്ലാത്ത രൂപത്തിൽ സംസാരിക്കുന്ന ഇയാളോട് വിശ്വാസികൾക്ക് അല്ലാഹുവിൻെറ ഈ വാക്കുകളാണ് പറയാനുള്ളത്:

''സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്'' (33:58).

തങ്ങളുടെ പണ്ഡിതന്മാർ കാരണമാണ് ശീഇസം 'കരിഞ്ഞ് പോകുന്നത്' എന്ന മുസ്‌ലിയാരുടെ അഭിപ്രായം സത്യത്തിന്റെ കടയ്ക്കൽ കത്തിവെക്കലാണെന്ന് ബോധ്യപ്പെടുത്തുന്ന ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

അനാചാരങ്ങളെ എതിർക്കാൻ രൂപീകരിക്കപ്പെട്ട ആദ്യത്തെ പണ്ഡിതസഭയായ 'കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ'യിൽനിന്ന് ഇവർ പുറം ചാടി. ശീഈ വിശ്വാസങ്ങളിൽ അണികളെ തളച്ചിടാൻ സമസ്ത എന്ന വ്യതിയാന കക്ഷിക്ക് ജന്മം നൽകി. വക്കം മൗലവി (റഹ്), കെ.എം. മൗലവി(റഹ്), ഉമർ മൗലവി(റഹ്) എന്നിവർ നടത്തിയ നവോത്ഥാന-സംസ്‌ക്കരണ പ്രവർത്തനങ്ങളെ ഇവർ അതി ശക്തമായി എതിർത്തു. വിഭാഗീയതയുടെ വിഷം കലർന്ന പ്രസ്താവനകളിറക്കി സമുദായിക ഐക്യം തകർത്തു. ആദർശഭദ്രതയും പ്രമാണനിഷ്ഠയുമുള്ള സലഫി സമൂഹത്തെ നിരന്തരം വേട്ടയാടുകയും പഴിചാരുകയും ചെയ്തു.


ഇവർ തന്നെ ആക്ഷേപിച്ചെഴുതിയത് കാണുക: ''സഊദി ഭരണകൂടത്തെ പിന്തുണക്കുകയും തുടർന്ന് നിയന്ത്രിക്കുകയും മറ്റു മുസ്‌ലിം സമൂഹങ്ങളിലേക്ക് പണവും അധികാരവുമുപയോഗിച്ച് കടന്നുകയറി പാരമ്പര്യ ഇസ്‌ലാമിന്റെ അവശേഷിക്കുന്ന അടയാളങ്ങൾ ഓരോന്നായി തകർത്തുകളയുകയും മുൻകാല ഇമാമുമാരുടെ കൃതികളിൽ കൈകടത്തലുകൾ വരുത്തുകയും ചെയ്തുകൊണ്ട് സലഫികൾ ഉണ്ടാക്കിയെടുത്ത ആശയപരിസരത്താണ് ആധുനിക ലോകത്തെ ഒട്ടുമിക്ക മുസ്‌ലിം കൂട്ടായ്മകളും നിർഭാഗ്യവശാൽ അകപ്പെട്ടുപോയത്'' (തെളിച്ചം മാസിക, 2017 മാർച്ച്, പേജ് 16).

അനാചാരങ്ങളെ എതിർക്കാൻ രൂപീകരിക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ പണ്ഡിതസഭയായ 'കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ'യിൽനിന്ന് ശീഈ ആശയമുള്ളവർ പുറം ചാടി. ശീഈ വിശ്വാസങ്ങളിൽ അണികളെ തളച്ചിടാൻ സമസ്ത എന്ന വ്യതിയാന കക്ഷിക്ക് ജന്മം നൽകി. വക്കം മൗലവി(റഹ്), കെ.എം. മൗലവി(റഹ്), ഉമർ മൗലവി(റഹ്) എന്നിവർ നടത്തിയ നവോത്ഥാന-സംസ്‌ക്കരണ പ്രവർത്തനങ്ങളെ ഇവർ അതി ശക്തമായി എതിർത്തു. വിഭാഗീയതയുടെ വിഷംകലർന്ന പ്രസ്താവനകളിറക്കി സമുദായിക ഐക്യം തകർത്തു. ആദർശഭദ്രതയും പ്രമാണനിഷ്ഠയുമുള്ള സലഫി സമൂഹത്തെ നിരന്തരം വേട്ടയാടുകയും പഴിചാരുകയും ചെയ്തു.



ശീഇകളുമായി കൂട്ടുകൂടി ഇസ്‌ലാമിന്റെ സൗന്ദര്യത്തെ വികൃതമാക്കാൻ പൗരോഹിത്യം നടത്തിയ ശ്രമങ്ങൾ വിഫലമാക്കപ്പെട്ടതിന്റെ രോദനമാണിത്. ഇരുവിഭാഗവും തമ്മിലുള്ള ആദർശപ്പൊരുത്തം അവരുടെ വാക്കുകളിലൂടെതന്നെ നമുക്കൊന്ന് പരിശോധിക്കാം. 'ആര് സുന്നീലോകത്തുനിന്നും മാറിയാലും ഞാൻ മാറില്ല' എന്ന് ഉറക്കെ പ്രഖ്യാപിച്ച ശീഈ വക്താവ് സി.ഹംസ സാഹിബ് പറഞ്ഞത് കാണുക.

''അഖീദയിലെ സുന്നികളും ശിയാക്കളും തമ്മിലുള്ള അന്തരം നിലനിൽക്കെത്തന്നെ അതി



ശക്തമായി വഹാബികൾ ശിർക്കാരോപണത്തിനു സുന്നികളെ കരുവാക്കുന്ന തവസ്സുൽ, ഇസ്തിഗാസ, റസൂലുല്ലാഹി(സ)മിന്റെ ഇസ്മത്ത് എന്നിങ്ങനെയുള്ള വിഷയങ്ങളിലൊക്കെ സുന്നീ-ശിയാ സാധർമ്യം വളരെ കൂടുതലുമാണ്'' (സത്യധാര, 2015 ഡിസംബർ, പേജ് 18).

'ചുരുക്കത്തിൽ, മുസ്‌ലിം സമൂഹത്തിന്റെ യഥാർഥ പാരമ്പര്യത്തിൽനിന്നും പൊതുവായ ധാരയിൽ നിന്നും ഭിന്നിച്ചു പോയ ഒരു പ്രസ്ഥാനമായിട്ടാണ് ശീഇസത്തെ ആളുകൾ ധരിച്ചുവശായിരിക്കുന്നത്. ഇസ്‌ലാമിന്റെ പിറവിയിൽതന്നെ അതിന്റെ ഭാഗമായിക്കൊണ്ടുണ്ടായതും അതിന്റെ സ്വാഭാവികമായ ഉല്പന്നമായി രംഗത്തുവന്നതുമായ ഒന്നായിട്ട് ശീഇസത്തെ കണ്ടുകൊണ്ട് അതിനെ സമീപിക്കുകയും പഠിക്കുകയുമാണെങ്കിൽ മാത്രമെ അതിനോടു നീതികാണിക്കാൻ ഒരാൾക്കു കഴിയൂ. സുന്നിസത്തോട് സൗഹാർദപൂർവം പൊരുത്തപ്പെട്ടു നിൽക്കുന്ന, ഇസ്‌ലാമിന്റെ ഉറവിടത്തിൽനിന്നു തന്നെയുള്ള മറ്റൊരു സരണിയായി അത്തരമൊരു നിരീക്ഷകന് ശീഇസത്തെ കണ്ടെത്താനും വിലയിരുത്താനുമാകും'' (പൂർണ മനുഷ്യൻ, വിവ:സി. ഹംസ, പേജ് 144).

ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദടക്കമുള്ള കാര്യങ്ങളിൽപോലും ഇവർ തങ്ങളുടെ ഇമാമുമാരെ പങ്കാളികളാക്കിയിട്ടുണ്ട്. അലി(റ) ഭൂമിയുടെ റബ്ബാണെന്നും ഇരുലോകവും അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തിലാണെന്നും ഇടി, മിന്നൽ പോലുള്ളവയുടെ കൈകാര്യം ഇവരുടെ നേതാക്കളിലാണെന്നും വിശ്വസിക്കുന്നു. കുലൈനിയുടെ 'അൽകാഫി'യിലും മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലും ഇത് കാണാം.

മുഹ്‌യിദ്ദീൻ ശൈഖിനെ കുറിച്ച് സമസ്തക്കാർ പറഞ്ഞത് കാണുക: ''ആകാശഭൂമി നിവാസികളുടെ ഖുത്ബും (കേന്ദ്രബിന്ദു) ഗൗസുമായവരേ, വാനലോകത്തും ഭൂമിലോകത്തുമുള്ളവർക്ക് ഉപകരിക്കുന്ന നദിയും മഴയും വെള്ളവും ഒഴുക്കുന്ന മഹാനവർകളേ...'' (ഖുത്ബിയ്യത്ത് അർഥവും വിശദീകരണവും,അബ്ദുസ്സമദ് ഫൈസി, പേജ് 29).

''അതുപോലെ ആകാശ ഭൂമി നിവാസികൾക്കുണ്ടാകുന്ന വിപത്തുകൾ തടയുകയും അവരുടെ ഇരുലോക വിജയങ്ങൾക്കുപകരിക്കുന്ന സഹായം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്ന വന്ദ്യരായ ശൈഖ് മുഹ്‌യിദ്ദീൻ അവർകളെ ഉപകാരപ്രദമായ നദിയോടും മഴയോടുമാണ് 'യാ ഖുത്ബ് അഹ്‌ലിസ്സമാ,' 'അഹ്‌ലിസ്സമാ' എന്ന് തുടങ്ങുന്ന കവിതയിലൂടെ സ്വദഖതുല്ലാഹിൽ ഖാഹിരി അവർകൾ ഉപമിച്ചത്'' (പേജ് 30).

ക്വബ്‌റാളിയോട് ഇസ്തിഗാസ നടത്തുക, അവരെ ഇടയാളന്മാരാക്കുക, അവിടേക്ക് നേർച്ചയും ബലിയും അർപ്പിക്കുക എന്നിവ ശീഇകളുടെ സമ്പ്രദായമാണ്. എല്ലാ രോഗത്തിനും അവിടെ ശമനമുണ്ടെന്നും നേതാക്കൾ അദൃശ്യമറിയുമെന്നും ശീഇകൾ വിശ്വസിക്കുന്നു. മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലും ഖുമൈനിയുടെ 'തഹ്‌രീറുൽ വസീല'യിലും കുലൈനിയുടെ 'അൽകാഫി'യിലും ഇത് വ്യക്തമാണ്.

സമസ്തയുടെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രമേയത്തിൽ പറയുന്നത് കാണുക: ''മരിച്ചുപോയ അമ്പിയാക്കൾ, ഔലിയാക്കൾ, സ്വാലിഹീങ്ങൾ, ഇവരുടെ ദാത്ത് ജാഹ്, ഹഖ്, ബറകത്ത് കൊണ്ടുള്ള തവസ്സുൽ, നേരിട്ടുള്ള വിളികൾ, അവരോട് സഹായത്തിനപേക്ഷിക്കൽ, ആസാറ് കൊണ്ട് ബറകത്തെടുക്കൽ എന്നിവയും...' (ഇവരെ എന്തുകൊണ്ട് അകറ്റണം?, പേജ് 14).

''അമ്പിയാക്കൾക്കും ഔലിയാക്കൾക്കും അവരുടെ താൽപര്യപ്രകാരം മറഞ്ഞ കാര്യങ്ങൾ അല്ലാഹു അറിയിച്ചുകൊടുക്കുമെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ തെളിയിക്കുന്നുണ്ട്. പക്ഷേ, ഇസ്‌ലാമിലെ പരിഷ്‌കരണവാദികൾ ഇത് നിഷേധിക്കുന്നു'' (സുന്നത്ത് ജമാഅത്ത്, സുലൈമാൻ സഖാഫി, പേജ് 56).

അല്ലാഹുവിന്റെ മഹത്ത്വത്തിന് യോജിക്കുന്ന വിശേഷണങ്ങളായ കേൾവി, കാഴ്ച, മുഖം, കൈ എന്നിവയെ ശീഇകൾ നിഷേധിക്കുന്നു. കുലൈനിയുടെ അൽകാഫി എന്ന ഗ്രന്ഥത്തിൽ ഇത് കാണാം.

മുസ്‌ലിയാക്കന്മാർ അഹ്‌ലുസ്സുന്നയുടെ വിശ്വാസത്തെ പരിഹസിക്കുന്നത് കാണുക: ''അവരുടെ വിശ്വാസത്തിൽ അല്ലാഹു ഒരു വിഗ്രഹം പോലെയാണ്. കണ്ണും കയ്യും കാലും തുടങ്ങിയ അവയവങ്ങളുള്ളവനും ഭാഗങ്ങൾ ഉള്ളവനുമാണെന്ന് അവർ വിശ്വസിക്കുന്നു. അർശ് എന്ന സിംഹാസനത്തിൽ

ഉപവിഷ്ടനാണ് അവനെന്നും അർധരാത്രിക്ക് ശേഷം ഒന്നാനാകാശത്തേക്ക് ഇറങ്ങുകയും ശേഷം കയറി പ്പോവുകയും ചെയ്യുമെന്നുമൊക്കെയാണ് ഇവരുടെ വാദം. അല്ലാഹുവിന്റെ രണ്ട് കൈകളും വലതു കൈകൾ തന്നെയാണെന്നും ഇവർ പറയുന്നുണ്ട്. അപ്പോൾ അല്ലാഹു ഒരു വിരൂപിയാണെന്ന് വരുന്നു'' (അറുപതാം വാർഷികോപഹാരം, പേജ് 49).

''അവയവങ്ങൾ സ്ഥാപിച്ച് അർശിൽ പ്രതിഷ്ഠി ച്ച ദൈവമായി വഹാബികൾ അല്ലാഹുവിനെ പരി ചയപ്പെടുത്തുമ്പോൾ പ്രസ്തുത ആദർശം പുലർത്തി യിരുന്ന നിരവധി പുത്തൻ പ്രസ്ഥാനക്കാർ പോയ നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നു'' (സുന്നി വോയ്സ്, 2007 ജനുവരി, പേജ് 8). പ്രവാചകന്റെ ഹദീഥിൽ പറഞ്ഞ കാര്യങ്ങളെയാണ് ഇക്കൂട്ടർ പരിഹസിക്കു ന്നതെന്നറിയുക.

തങ്ങളുടെയും ശീഇകളുടെയും വിശ്വാസം ഒന്നാ ണെന്ന് സമസ്തക്കാർ തുറന്നെഴുതിയത് കാണുക: ''മരിച്ചുപോയ പ്രവാചകന്മാർക്കും ഔലിയാഅ് എന്ന് പറയുന്ന പുണ്യാത്മാക്കൾക്കും അവരുടെ മരണശേഷവും ഭൗതിക ലോകത്തെ കാര്യങ്ങളിൽ ഇടപെടാനും ലോകരെ സഹായിക്കാനും വേണ മെങ്കിൽ ഉപദ്രവിക്കാനും അല്ലാഹു കഴിവ് നല്കു മെന്നാണ് അശ്അരി, മാതുരീദി സുന്നികളുടെ വിശ്വാസം. ഇതുതന്നെയാണ് ശിയാക്കളും വിശ്വ സിക്കുന്നത്'' (അൽ മുബാറക്, 1989 ആഗസ്റ്റ് 16, പേജ് 6).

മക്ക-മദീനക്കിടയിൽ 'ഗും' എന്ന് വിളിക്കപ്പെടുന്ന 'ഗദീർ' വെള്ളത്തെ സംബന്ധിച്ച് നബി(സ്വ) സംസാരിക്കവെ അവിടുത്തെ കുടുംബത്തെ പ്രത്യേകം എടുത്തു പറഞ്ഞതിനെ ശീഇകൾ തെറ്റുധരിപ്പിക്കുകയും അതിലൂടെ അലി(റ)ക്ക് വഴിവിട്ട ആദരവ് നൽകി പ്രവാചകപദവിയിലേക്ക് ഉയർത്തുകയും അദ്ദേഹത്തിന്റെ മുഖത്ത് നോക്കൽ ആരാധനയാണെന്ന് വരെ ജൽപിക്കുകയും ചെയ്തവരാണ് ശീഇകൾ. അബൂബക്കർ(റ), ഉമർ(റ) എന്നിവരെ നിന്ദിക്കുകയും അവർ കാഫിറുകളാണെന്ന് പറയുകയും ചെയ്തു. സ്വഹാബത്തിന്റെ ശ്രേഷ്ഠതകളെ വാക്കിലും വരിയിലും മാത്രം ഒതുക്കുന്ന പുരോഹിതന്മാർ ഈ 'കുഫ്റിനെ' മനസ്സിൽ ഒളിപ്പിച്ചിരിക്കുന്നു എന്നതിന് നിരവധി തെളിവുകൾ കാണാം.

നബി(സ്വ)യുടെ മാർഗത്തെ നിരാകരികരിച്ച് മക്കാമുശ്രി ക്കുകളുടെ വഴിയിൽ പ്രവേശി ക്കുന്നവർക്ക് നൽകാനുള്ളത് ക്വുർആൻ നൽകിയ ഉപദേശ മാണ്. അല്ലാഹു പറയുന്നു: ''പറയുക: അല്ലാഹുവിന് പുറമെ ഞങ്ങൾക്ക് ഉപകാരമോ ഉപദ്ര വമോ ചെയ്യാൻ കഴിവില്ലാത്തതിനെ ഞങ്ങൾ വിളിച്ച് പ്രാർഥിക്കു കയോ? അല്ലാഹു ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങൾ പുറകോട്ട് മടക്കപ്പെടു കയോ? (എന്നിട്ട്) പിശാചുക്കൾ തട്ടിത്തിരിച്ചു കൊണ്ടുപോയിട്ട് ഭൂമിയിൽ അന്ധാളിച്ച് കഴിയുന്ന ഒരുത്തനെപ്പോലെ (ഞങ്ങളാവു കയോ?). ഞങ്ങളുടെ അടുത്തേ ക്ക് വരൂ എന്നു പറഞ്ഞുകൊ ണ്ട് അവനെ നേർവഴിയിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന ചില കൂട്ടുകാരുണ്ട് അവന്ന്. പറയുക, തീർച്ചയായും അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. ലോകരക്ഷി താവിന് കീഴ്പെടുവാനാണ് ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കു ന്നത്'' (6:71).

മക്ക - മദീനക്കിടയിൽ 'ഗും' എന്ന് വിളിക്കപ്പെടുന്ന 'ഗദീർ' വെ ള്ളത്തെ സംബന്ധിച്ച് നബി (സ്വ) സം സാരിക്കവെ അവിടുത്തെ കു ടുംബത്തെ പ്രത്യേകം എടുത്തുപ റഞ്ഞതിനെ ശീഇകൾ തെറ്റുധരി പ്പിക്കുകയും അതിലൂടെ അലി(റ) ക്ക് വഴിവിട്ട ആദരവ് നൽകി പ്ര വാചകപദവിയിലേക്ക് ഉയർത്തു കയും അദ്ദേഹത്തിന്റെ മുഖത്ത് നോക്കൽ ആരാധനയാണെന്ന് വരെ ജൽപിക്കുകയും ചെയ്തവ രാണ് ശീഇകൾ. അബൂബക്കർ (റ), ഉമർ(റ) എന്നിവരെ നിന്ദി ക്കുകയും അവർ കാഫിറുകളാ ണെന്ന് പറയുകയും ചെയ്തു. സ്വ ഹാബത്തിന്റെ ശ്രേഷ്ഠതകളെ വാക്കിലും വരിയിലും മാത്രം ഒതുക്കുന്ന പുരോഹിതന്മാർ ഈ 'കുഫ്റിനെ' മനസ്സിൽ ഒളിപ്പിച്ചിരിക്കുന്നു എന്നതിന്റെ ചില ഉദാഹരണങ്ങൾ കൂടി വായിക്കാം:

‘‘ഇസ്‌ലാമിൽ പൂർണ മനുഷ്യന്റെ ഒന്നാമത്തെ ഉദാഹരണം നബിതന്നെ. മറ്റൊരു ഉദാഹരണമാണ് ഇമാം അലി. അലിയെ അറിയുകയെന്നാൽ പൂർണമനുഷ്യനെ അറിയുകയെന്നാണ്’’ (പൂർണ മനുഷ്യൻ, പേജ് 36).

‘‘അലി(റ)വിനെ സംബന്ധിച്ചിടത്തോളമുള്ള നേതൃപ്രാധാന്യം സുന്നികൾക്കും ശിയാക്കൾക്കും ഒരുപോലെ ആവശ്യമായ വസ്തുത തന്നെയാണല്ലോ. വിജ്ഞാനം, രാഷ്ട്രീയമികവ്, അധ്യാത്മികപ്രധാനമായ അതുല്യാവസ്ഥ, എന്നിവ സുവിദിതമാണല്ലോ. അതിനാൽ അതേ ഹദീസിൽതന്നെ കാണാം: ‘അൻത മൗലായാ ഫിദ്ദുൻയാ വൽ ആഖിറ’ എന്ന പദവിയിൽ നിറുത്തി ആശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നത്. മഹാനായ അബൂബക്കർ സിദ്ദീഖ്(റ)വും ഉമർ(റ)വുമെല്ലാം അലി(റ)വിനെ ഇക്കാര്യത്തിൽ ആശംസിച്ചഭിനന്ദിച്ചു. അസന്തുലിതമായ ഒരു വിതാനത്തിലും അവരതിനെ വീക്ഷിച്ചില്ല. മാത്രവുമല്ല, ആ വിലായത്തിന്റെ ഇഹപരമായ നീൾച്ച അഹ്‌ലുബൈത്തിന്റെ പ്രാധാന്യത്തിലേക്കു കൂടി വിരൽ ചൂണ്ടുന്നതാണെന്നു അങ്ങേയറ്റം ബോധ്യപ്പെട്ടവരായിരുന്നു അവർ. അതിനാൽ അഹ്‌ലുൽബൈത്തിന്റെ വേരുമൂലങ്ങൾ അമച്ചു തുടങ്ങാൻ കാരണമായവൻ എന്ന നിലക്കുകൂടി അഭിപ്രായഭേദമന്യേ സ്വീകരിക്കപ്പെട്ട ആ വാചകത്താൽ അലി(റ)വിനെ കേവലം പൊളിറ്റിക്കൽ മാത്രമായല്ല, അങ്ങേയറ്റത്തെ അധ്യാത്മിക പ്രാധാന്യം കൂടിയുൾപ്പെട്ട വിലായത്തിന്റെ മഖാമിലേക്ക് അവരോധിക്കുന്ന ഗദീർ ഗുമ്മിലെ പ്രസ്തുത വാക്യം ആഴത്തിൽ മനസ്സിലാക്കിയ ആരിലും ഒരു പ്രശ്നവും ഒരു കാലത്തും ഉണ്ടായിരുന്നിട്ടില്ല’’ (സത്യധാര, 2015 ഡിസംബർ 1-15).

ആഘോഷങ്ങൾ ഉണ്ടാക്കുന്നതിലും കൊണ്ടാടുന്നതിലും ഇവർ തമ്മിലുള്ള മത്സരവും രസാവഹമാണ്. റബീഉൽ അവ്വൽ ഒമ്പതിന് ഈദ് ‘ബാബാ ശുജാഅ്’, ‘ദുൽഹിജ്ജ പതിനെട്ടിന് ഈദ് ‘ഗദീർ ഖും’ കൂടാതെ ‘നീറോസ്,’ ‘ആശൂറാഅ്,’ ‘നഹ്സ്’ കണക്കാക്കൽ... ഇതെല്ലാമാണ് ശിയാക്കളുടെ പ്രധാന സുദിനങ്ങൾ. അവരുടെ ‘മീലാദുന്നബി’യെ കുറിച്ച് സി. ഹംസ സാഹിബ് പറഞ്ഞത് നോക്കൂ:

‘മീലാദുന്നബി’യെ കുറിച്ച് സി. ഹംസ സാഹിബ് പറഞ്ഞത് നോക്കൂ: ‘‘അതായത് റസൂലുല്ലാഹി(സ) റബീഉൽ അവ്വൽ 12നു ജനിച്ചു എന്നാണല്ലോ നമ്മുടെ അഭി പ്രായം. ശിയാക്കൾക്ക് ഇത് റബീഉൽ 17 ആണ്. അതിനാൽ പ്രവാചക ജന്മദിനത്തെ കുറിച്ചുള്ള സുന്നീ, ശിയാ തർക്കത്തിന് ഇടം കൊടുക്കാത്ത രീതിയിൽ റബീഉൽ അവ്വൽ 12 ഉം 17 ഉം ഉൾപ്പെടുന്ന വിധത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷം. ഇതിനവർ യൂനിറ്റി വീക്ക് അഥവാ ‘ഹഫ്തയെ വഹ്ദ’ എന്നാണു പറയാറുള്ളത്. സുന്നിയെ സുന്നിയായും ശിയാ വിശ്വാസിയെ ശിയ ആയിക്കൊണ്ടുമുള്ള ഐക്യമാണ് ആ പരിപാടിയുടെ താൽപര്യം’’ (സത്യധാര, 2015 ഡിസംബർ 1-15, പേജ് 15).

‘‘അതായത് റസൂലുല്ലാഹി(സ) റബീഉൽ അവ്വൽ 12ന ജനിച്ചു എന്നാണല്ലോ നമ്മുടെ അഭിപ്രായം. ശിയാക്കൾക്ക് ഇത് റബീഉൽ 17 ആണ്. അതിനാൽ പ്രവാചക ജന്മദിനത്തെ കുറിച്ചുള്ള സുന്നീ, ശിയാ തർക്കത്തിന് ഇടം കൊടുക്കാത്ത രീതി യിൽ റബീഉൽ അവ്വൽ 12ഉം 17ഉം ഉൾപ്പെടുന്ന വിധത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷം. ഇതിനവർ യൂനിറ്റി വീക്ക് അഥവാ ‘ഹഫ്തയെ വഹ്ദ’ എന്നാണു പറയാറുള്ളത്. സുന്നിയെ സുന്നിയായും ശിയാ വിശ്വാസിയെ ശിയ ആയിക്കൊണ്ടുമുള്ള ഐക്യമാണ് ആ പരിപാടിയുടെ താൽപര്യം’’ (സത്യധാര, 2015 ഡിസംബർ 1-15, പേജ് 15).

മീലാദാഘോഷം, ജീലാനി അനുസ്മരണം, രിഫാഈ അനുസ്മരണം, സിദ്ദീഖ്(റ)വിന്റെ ആണ്ട്, ബറാഅത്ത് രാവ്, ബദ്റ് ദിനം, മഖാം ഉറൂസുകൾ, ആണ്ട് നേർച്ചകൾ, ചന്ദനക്കുടങ്ങൾ, നഹ്സ് നോക്കൽ ഇതെല്ലാമാണ് സമസ്തയുടെ പുണ്യദിനങ്ങൾ. മതമായി ഒട്ടും പരിഗണിക്കാൻ പറ്റാത്ത ഇവയുടെ പോരിശകൾ എഴുതപ്പെട്ട പുസ്തകങ്ങളും മായ്ക്കപ്പെടാത്ത ഫത്‌വകളും ഇന്നും അവശേഷിക്കുന്നുണ്ട്. ഈ കാര്യങ്ങളിൽ ഇവർക്കുള്ള ഐക്യം കേവലമായ ആരോപണമല്ല. അവരുടെ പണ്ഡിതന്മാർ എഴുതിയത് കാണുക: ‘‘മീലാദുന്നബി പോലെയുള്ള പുണ്യാത്മാക്കളുടെ ജന്മദിനം ആഘോഷിക്കലും ചരമദിനം അനുസ്മരിക്കലും സുന്നീ ശിയാ വിശ്വാസ പ്രകാരം പുണ്യകർമങ്ങളാണ്. മുഹർറം പത്ത്, മിഅ്റാജ്, ബറാഅത്ത് എന്നിവയെല്ലാം പ്രാധാന്യപൂർവം ശിയാക്കൾ ആഘോഷിക്കുന്നു’’ (അൽമുബാറക്, പേജ് 5).

ക്വുർആൻ നൽകിയ താക്കീതാണ് ഇവരെ ഓർമ പ്പെടുത്താനുള്ളത്. അല്ലാഹു പറയുന്നു: ''അവർ പ്ര വർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കു കയും ചെയ്യും'' (25:23).

ഈ ആയത്തിനെ വിശദീകരിച്ച് ഇബ്‌നു കഥീർ (റഹി)പറഞ്ഞു: ''അന്ത്യനാളിലാണിതുണ്ടാവുക. അടിമകൾ ചെയ്ത നന്മതിന്മകൾ അടിസ്ഥാനമാക്കി അല്ലാഹു അവരെ വിചാരണ ചെയ്യുന്ന നേരം തങ്ങ ൾക്ക് രക്ഷയാകുമെന്ന് മുശ്‌രിക്കുകൾ വിചാരിച്ചിരു ന്ന കർമങ്ങളിൽനിന്ന് ഒന്നുംതന്നെ അവർക്ക് ലഭി ക്കുകയില്ല എന്നാണ് അല്ലാഹു അറിയിക്കുന്നത്. ഒരു കർമം സ്വീകാര്യമാകാൻ നിശ്ചയിക്കപ്പെട്ട നിബ ന്ധനകൾ അഥവാ ഇഖ്‌ലാസ്, ഇത്തിബാഅ് (പ്രവാ ചകാനുധാവനം) നഷ്ടപ്പെട്ടു എന്നതാണ് കാരണം. ഇവ പാലിക്കപ്പെടാത്തത്, അല്ലാഹു തൃപ്തിപ്പെട്ട മതനിയമത്തിന് യോജിച്ചതല്ലാത്തതിനാൽ നിര ർഥകമാണ്. സത്യനിഷേധികളുടെ കർമകൾ ഈ രണ്ടിലൊന്ന് ഇല്ലാത്തതായിരിക്കും. ചിലപ്പോൾ രണ്ട് നിബന്ധനയും ഇല്ലാത്തവയായിരിക്കും. അപ്പോൾ അതിന്റെ സ്വീകാര്യത കൂടതൽ വിദൂരത്താകും'' (തഫ്‌സീർ ഇബ്‌നു കഥീർ, വാള്യം 3).

ഹുസൈൻ(റ)വിന്റെ കൊലപാതകം യസീദ്ബ്‌നു മുആവിയ്യയുടെ കൽപന പ്രകാരമാണ് ഉണ്ടായതെ ന്ന ശീഈ കള്ളക്കഥക്ക് പിന്നിൽ കർബലയെ പരിശു ദ്ധമാക്കപ്പെട്ട സ്ഥലമാക്കണമെന്ന ലക്ഷ്യമാണുള്ളത്. ഹുസൈൻ(റ)വിന്റെ ക്വബ്‌റ് അവിടെ ഉണ്ടെന്നും അത് സിയാറത്ത് ചെയ്യുന്നവർക്ക് ഹജ്ജിന്റെയും ഉംറയുടെയും കൂലിയുണ്ടെന്നും സന്ദർശനം അറഫ ദിനത്തിലാണെങ്കിൽ നബി(സ)യോടൊപ്പം ആയിര ക്കണക്കിന് ഹജ്ജ്, ഉംറ, ആയിരം അടിമ മോചനം, അത്രതന്നെ കുതിരകളെ അല്ലാഹുവിന്റെ മാർഗ ത്തിൽ വഹിക്കൽ എന്നിങ്ങനെ കൂലി എഴുതപ്പെടു മെന്നുമൊക്കെ മുഹമ്മദ് ഇബ്‌നു ഹുസൈൻ അൽ ആലമിയുടെ 'വസാഇലുശ്ശീഅ' എന്ന ഗ്രന്ഥ ത്തിൽ കാണാം.

**ഹുസൈൻ(റ)വിന്റെ കൊലപാതകം യസീദ്ബ്‌നു മുആവിയ്യയുടെ കൽപന പ്രകാരമാണ് ഉണ്ടായതെ ന്ന ശീഈ കള്ളക്കഥക്ക് പിന്നിൽ കർബലയെ പരി ശുദ്ധമാക്കപ്പെട്ട സ്ഥലമാക്കണമെന്ന ലക്ഷ്യമാണു ള്ളത്. ഹുസൈൻ(റ)വിന്റെ ക്വബ്ര് അവിടെ ഉണ്ടെന്നും അത് സിയാറത്ത് ചെയ്യുന്നവർക്ക് ഹജ്ജിന്റെയും ഉംറയുടെയും കൂലിയുണ്ടെന്നും സന്ദർശനം അറഫ ദിനത്തിലാണെങ്കിൽ നബി(സ)യോടൊപ്പം ആയിരക്ക ണക്കിന് ഹജ്ജ്, ഉംറ, ആയിരം അടിമ മോചനം, അത്ര തന്നെ കുതിരകളെ അല്ലാഹുവിന്റെ മാർഗത്തിൽ വഹിക്കൽ എന്നിങ്ങനെ കൂലി എഴുതപ്പെടുമെന്നുമൊ ക്കെ മുഹമ്മദ് ഇബ്‌നു ഹുസൈൻ അൽ ആലമിയുടെ 'വസാഇലുശ്ശീഅ' എന്ന ഗ്രന്ഥത്തിൽ കാണാം.**

ഹുസൈൻ(റ)വിന്റെ കൊല പാതക സംഭവത്തിന്റെ വസ്തുത ഇബ്‌നു തൈമിയ്യ(റ)യുടെ 'മജ്മഉൽ ഫതാവ,' ഇബ്‌നുൽ അറബിയുടെ 'അൽ അവാസ്വിമു മിനൽഖവാ സ്വിം,' അബ്ദുറഹ്മാൻ ഖമീസിന്റെ 'ഹിഖ്ബതും മിനത്താരീഖ്' എന്നി ഗ്രന്ഥങ്ങളിൽ വ്യക്തമാണ്.

സമസ്തക്കാർ ഇതേ കള്ളക്കഥ പ്രചരിപ്പിച്ചും കർബലയിൽ നടക്കു ന്ന പച്ചയായ ശിർക്കിനെ ആവേ ശത്തോടെ എടുത്ത് പറഞ്ഞും ശിയാക്കളിലേക്ക് ലയിക്കുന്നത് കാണുക: ''എനിക്ക് അഹ്‌ലു ബൈത്തുമായി അത്രമാത്രം അടുപ്പവും സമ്പർക്കവുമുണ്ട്. നമ്മെ നിലനിൽക്കാൻ പ്രേരിപ്പി ക്കുന്ന ശക്തമായ ഘടകമാണത്. അതിനാൽ കർബും ബലാഉം കൂടി ചേർന്ന കർബലാ സംഭവം അത്ര നിസ്സാരമായ ഒന്നായി ഞാൻ കാണില്ല. അത് അഹ്‌ലുബൈ ത്തിനു വംശനാശം വരുത്താൻ വേണ്ടി ആവിഷ്‌കരിച്ച സംഭവ മായിരുന്നു'' (സത്യധാര, 2015 ഡിസംബർ, പേജ് 19).

''യാ ഹുസൈൻ, യാ സിബ്ത്ത ന്നബി എന്ന് വിളിച്ച് മഖ്ബറ ക്കരികിൽ തങ്ങളുടെ ആവശ്യ ങ്ങളും പ്രതിസന്ധികളും എണ്ണി പ്പറഞ്ഞു ചോദിക്കുകയാണ് ആയിരക്കണക്കിന് വിശ്വാസി കൾ. മുസ്‌ലിം ലോകം ആ തിരുസ ന്നിധിയിൽ തീർക്കുന്ന പ്രവാചക സ്‌നേഹത്തിന്റെ പ്രകടനങ്ങൾക്കു മുമ്പിൽ ഞങ്ങൾ ഒന്നും അല്ലാ താവുന്നതു പോലെ തോന്നി. മൗലിദുകൾ, പ്രവാചക പ്രകീർത്ത നങ്ങൾ, നശീദകൾ, സ്വലാത്തുകൾ, ക്വുർആൻപാരായണം, സിയാറത്ത്, പ്രാർഥന തുടങ്ങി സജീവമായ മഖ്ബറയും പരി സരവും ഇപ്പോഴും മനസ്സിൽ ഒരു ആത്മസംതൃപ്തിയുടെ ഇടമായി നിലകൊള്ളുകയാണ്'' (അൽഇർഫാദ് മാസിക, 2009 ഡിസംബർ, പേജ് 22).

അഹ്‌ലുബൈതിനെ സ്നേഹിക്കുന്നു എന്ന പേരിൽ അതിരുവിട്ട പ്രശംസയിലാണ് ശിയാക്കൾ എത്തിയത്. ഇവരുടെ ഇമാമുമാർ പരലോകത്ത് അടിമകൾക്ക് മേൽ അല്ലാഹുവിന്റെ സാക്ഷികളാണെന്നും, അവരുടെ അടുക്കൽ അല്ലാഹു ഇറക്കിയ മുഴുവൻ ഗ്രന്ഥങ്ങളും അവരുടെ ഭാഷയിൽതന്നെ ഉണ്ടെന്നും, നബി(സ)ക്കും നേതാക്കൾക്കും രാവും പകലും അടിമകളുടെ പ്രവർത്തനങ്ങൾ കാണിക്കപ്പെടുമെന്നും, അവർ എല്ലാ വെള്ളിയാഴ്ച രാത്രിയും അർശിലേക്ക് മിഅ്‌റാജ് യാത്ര നടത്തി പുതിയ അറിവ് സ്വീകരിക്കുമെന്നും, എപ്പോഴാണവർ മരിക്കുക എന്നത് അവർ അറിയുമെന്നും, അതവർ തെരഞ്ഞെടുക്കുമെന്നും തുടങ്ങി നിരവധി മതവിരുദ്ധമായ കാര്യങ്ങളാണ് 'ഉസൂലുൽ കാഫി' എന്ന ഗ്രന്ഥത്തിൽ എഴുന്നള്ളിച്ചിട്ടുള്ളത്. ഇതെങ്ങനെ ഇസ്‌ലാമാകും ? പ്രാമാണികമായി ഇതിനെ നേരിട്ടവരെങ്ങനെ പുത്തൻ വാദികളും പിഴച്ചവരുമാകും?

ബദ്ർ മാല, മുഹ്‌യിദ്ദീൻ മാല, രിഫാഈ മാല, നഫീസത്ത് മാല, മമ്പുറംമാല, സി.എം. മടവൂർ കഥകൾ, മൻഖൂസ് മൗലിദ്, വഹ്ദത്തുൽ വുജൂദ്, മറ്റു ബൈത്തുകൾ, ഏടുകൾ എന്നിവയിലൂടെയെല്ലാം പച്ചയായ ശിർക്കും കെട്ടുകഥകളും മതത്തിന്റെ ഭാഗമാണെന്ന് സ്ഥാപിക്കാൻ പരിശ്രമിക്കുന്ന സമസ്തക്കാരാണോ ശീഇകളെ നേരിടുന്നത്?

തങ്ങളുടെ ശീഈ ബാന്ധവം മൂടിവെച്ചുകൊണ്ട് ശീഇസത്തെ തകർക്കാൻ ശ്രമിക്കുന്നവരാണ് തങ്ങൾ എന്ന് വരുത്തിത്തീർക്കുവാൻ സുന്നിവോയ്സ് ലേഖകൻ പണിപ്പെടുന്നത് കാണുക: ''ആത്മീയതയുടെ പേരിൽ കേരളത്തിൽ ഉയർന്നുവന്ന ശീഈ ചിന്തകളെ വേരോടെ പിഴുതെറിയാൻ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പണ്ഡിതന്മാർ കാണിച്ച നിതാന്ത ജാഗ്രത





അഭിമാനകരമാണെന്ന് പറയാതെ വയ്യ'' (സുന്നി വോയ്സ്, 2021 ഡിസംബർ, പേജ് 15).

ജനങ്ങളെ കബളിപ്പിക്കാൻ കഴിഞ്ഞേക്കാം, എന്നാൽ അല്ലാഹുവിനെ കബളിപ്പിക്കുവാൻ സാധ്യമല്ല എന്ന തിരിച്ചറിവുണ്ടായാൽ നന്ന്. ക്വുർആനിന്റെ മുന്നറിപ്പിനെ ഭയക്കണം. അല്ലാഹു പറയുന്നു: ''ഓ, റസൂലേ; സത്യനിഷേധത്തിലേക്ക് കുതിച്ചു ചെല്ലുന്നവർ (അവരുടെ പ്രവൃത്തി) നിനക്ക് ദുഃഖമുണ്ടാക്കാതിരിക്കട്ടെ. അവർ മനസ്സിൽ വിശ്വാസം കടക്കാതെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് വായകൊണ്ട് പറയുന്നവരിൽ പെട്ടവരാകട്ടെ, യഹൂദമതക്കാരിൽ പെട്ടവരാകട്ടെ, കള്ളം ചെവിയോർത്ത് കേൾക്കുന്നവരും നിന്റെ അടുത്ത് വരാത്ത മറ്റു ആളുകളുടെ വാക്കുകൾ ചെവിയോർത്തു കേൾക്കുന്നവരുമാണവർ. വേദവാക്യങ്ങളെ അവയുടെ സന്ദർഭങ്ങളിൽനിന്ന് അവർ മാറ്റിക്കളയുന്നു. അവർ പറയും: ഇതേ വിധിതന്നെയാണ് (നബിയുടെ പക്കൽനിന്ന്) നിങ്ങൾക്ക് നൽകപ്പെടുന്നതെങ്കിൽ അത് സ്വീകരിക്കുക. അതല്ല നൽകപ്പെടുന്നതെങ്കിൽ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക; വല്ലവന്നും നാശം വരുത്താൻ അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം അവന്നു വേണ്ടി അല്ലാഹുവിൽനിന്ന് യാതൊന്നും നേടിയെടുക്കാൻ നിനക്ക് സാധിക്കുന്നതല്ല. അത്തരക്കാരുടെ മനസ്സുകളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അവർക്ക് ഇഹലോകത്ത് അപമാനമാണുള്ളത്. പരലോകത്ത് അവർക്ക് കനത്ത ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും'' (5:41).



# സമയം നിശ്ചലമാകുന്നില്ല

**സൽമാനൽ ഫാരിസ്**

ശാസ്ത്ര, സാങ്കേതിക രംഗത്ത് മനുഷ്യൻ എത്ര ഉന്നതിയിലെത്തിയാലും എത്ര വില കൊടുത്താലും പിടിച്ചുനിർത്താനോ മടക്കികൊണ്ടുവരാനോ പറ്റാത്ത ഒന്നാണ് സമയം. ഇലത്തലപ്പുകളിൽനിന്ന് മഴത്തുള്ളികൾ എന്ന പോലെ ഘടികാരത്തിൽനിന്നും സമയം ഇറ്റിവീണുകൊണ്ടേയിരിക്കുന്നു. നിലത്തു വീഴുമ്പോഴേക്കും ആ സമയബീജങ്ങൾ ഭൂതകാലത്തിന്റെ ഗർഭത്തിലേക്ക് ആവാഹിക്കപ്പെടുന്നു. കാലമേറെ ചെല്ലുമ്പോൾ ഈ സമയബീജങ്ങൾ ചരിത്രമെന്ന പേരിൽ സമയത്തിന്റെ ഫോസിലുകളായി പിറവികൊള്ളുന്നു.

ഒരു വ്യക്തിക്ക് ലക്ഷ്യബോധം അനിവാര്യമാണ്. ലക്ഷ്യസാക്ഷാത്കാരത്തിന്റെ കാതലായ വശമാണ് സമയക്രമീകരണം. ഉത്തരാധുനിക ലോകത്ത് ജീവനെന്ന പോലെ ജീവിതക്രമങ്ങൾക്കും മൂല്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൊഴിഞ്ഞുവീഴുന്ന പകലിരവുകൾ ഒരിക്കലും തിരികെ വരില്ലെന്ന അനിവാര്യബോധ്യം നമുക്ക് വിനഷ്ടമായിക്കൊണ്ടിരിക്കുന്നു.

സിനിമകളും സീരിയലുകളും റിയാലിറ്റി ഷോകളും ക്രിക്കറ്റുകളിയും പന്തുകളിയും എഫ്ബിയും വാട്സാപ്പുമടക്കമുള്ള സാമൂഹ്യമാധ്യമങ്ങളുമെല്ലാം മനുഷ്യന്റെ വിലപ്പെട്ട സമയത്തെ സംഹരിച്ചുകൊണ്ടിരിക്കുകയാണ്. 'ബിസി' എന്ന ഇംഗ്ലീഷ് വാക്ക് ഏതു സാധാരണക്കാരനും പ്രയോഗിക്കുന്നതായി നാം കാണുന്നു. ആർക്കും ഒന്നിനും സമയമില്ല. എല്ലാവരും ബിസിയോടു ബിസി !

**സംഭവിച്ചുപോയ തെറ്റുകളിൽ എത്രയും വേഗം പശ്ചാത്തപിക്കുക. ഭൂതകാലത്തെ പഴിക്കാതെ വർത്തമാനകാലത്തെ നന്നാക്കുക. ഭാവികാലത്തെ പ്രശോഭിതമാക്കാൻ അതേ മാർഗമുള്ളൂ. ആയുസ്സ് എങ്ങനെ ചെലവഴിച്ചു എന്ന ചോദ്യത്തിന് പരലോകത്ത് മറുപടി പറയേണ്ടിവരും എന്നത് ഗൗരവത്തോടെ ഓർക്കുക. സമയത്തെ കൊല്ലുന്നവനെ സമയവും കൊല്ലും എന്നാണ് ചൊല്ല്. സമയം നമുക്കു മുമ്പ് ഓടിത്തുടങ്ങിയതാണ്. നാം ജനിച്ചതോടെ സമയം നമ്മോടൊപ്പം ഓടി. ഉറക്കിലും ഉണർവിലും അത് നമ്മെ കൂടെക്കൂട്ടി. ഓട്ടത്തിനിടയിൽ തല നരച്ചു. തൊലി ചുക്കിച്ചുളിഞ്ഞു. കേൾവിക്കും കാഴ്ചക്കും തകരാറ് സംഭവിച്ചു. എപ്പോഴോ നാം വീഴും. സമയം അപ്പോഴും ഓടും; മറ്റുള്ളവരുടെ കൂടെ !**



അല്ലാഹു നമുക്ക് വർഷത്തെ 12 മാസമാക്കി നിശ്ചയിച്ച് തന്നിരിക്കുന്നു. മാസത്തെ ആഴ്ചകളും ആഴ്ചകളെ ദിവസങ്ങളും ദിവസങ്ങളെ മണിക്കൂറുകളും മണിക്കൂറുകളെ മിനുട്ടുകളും മിനുട്ടുകളെ സെക്കന്റുകളുമായി വിഭജിച്ചിരിക്കുന്നു. ഇതിൽ ഓരോന്നും കടന്നുപോകുമ്പോൾ നിശ്ചയിക്കപ്പെട്ട നമ്മുടെ മരണത്തിലേക്ക് നാം അത്രയും അടുത്തിരിക്കുന്നു എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതുണ്ട്.

നാം ചെയ്യുന്ന ആരാധനാകർമങ്ങൾ സമയവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമസ്കാരം വിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട നിർബന്ധ കർമമാണെന്ന് അല്ലാഹു ഉണർത്തിയിട്ടുണ്ട്. റമദാൻ, ദുൽഹിജ്ജ, മുഹർറം... ഓരോ മാസത്തിലും നിർബന്ധമായതോ ഐച്ഛികമായതോ ആയ ഇബാദത്തുകൾ നമുക്ക് ചെയ്യാനുണ്ട്.

എത്ര പെട്ടെന്നാണ് വീണ്ടും ഹജ്ജ് വന്നത്... പെരുന്നാൾ വന്നത്... എന്നിങ്ങനെ നാം പറയാറുണ്ട്. കാലം പെട്ടെന്ന് കടന്നുപോയി എന്ന തോന്നൽ. ഇത് അന്ത്യനാളിന്റെ അടയാളങ്ങളിലൊന്നായി നബി(സ്വ) പറഞ്ഞുതന്നതാണ്. സ്രഷ്ടാവിനെ ധിക്കരിച്ചുകൊണ്ട് മിക്ക മനുഷ്യരും മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു!

സംഭവിച്ചുപോയ തെറ്റുകളിൽ എത്രയും വേഗം പശ്ചാത്തപിക്കുക. ഭൂതകാലത്തെ പഴിക്കാതെ വർത്തമാനകാലത്തെ നന്നാക്കുക. ഭാവികാലത്തെ പ്രശോഭിതമാക്കാൻ അതേ മാർഗമുള്ളൂ. ആയുസ്സ് എങ്ങനെ ചെലവഴിച്ചു എന്ന ചോദ്യത്തിന് പരലോകത്ത് മറുപടി പറയേണ്ടിവരും എന്നത് ഗൗരവത്തോടെ ഓർക്കുക. സമയത്തെ കൊല്ലുന്നവനെ സമയവും കൊല്ലും എന്നാണ് ചൊല്ല്.

സമയം നമുക്കു മുമ്പ് ഓടിത്തുടങ്ങിയതാണ്. നാം ജനിച്ചതോടെ സമയം നമ്മോടൊപ്പം ഓടി. ഉറക്കിലും ഉണർവിലും അത് നമ്മെ കൂടെക്കൂട്ടി. ഓട്ടത്തിനിടയിൽ തല നരച്ചു. തൊലി ചുക്കിച്ചുളിഞ്ഞു. കേൾവിക്കും കാഴ്ചക്കും തകരാറ് സംഭവിച്ചു. എപ്പോഴോ നാം വീഴും. സമയം അപ്പോഴും ഓടും; മറ്റുള്ളവരുടെ കൂടെ !

നമുക്ക് ഇഹലോകത്ത് നിശ്ചയിക്കപ്പെട്ട സമയപരിധി തീരും മുമ്പായി സത്യവിശ്വാസം ഉൾക്കൊണ്ട് സൽകർമങ്ങളുമായി മുന്നേറുവാൻ കഴിഞ്ഞാൽ നാം രക്ഷപ്പെട്ടു.

‘‘സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാ കുന്നു. അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെപ്പോലെ നിങ്ങളാകരുത്. തൻമൂലം അല്ലാഹു അവർക്ക് അവരെപ്പറ്റി തന്നെ ഓർമയില്ലാതാക്കി. അക്കൂട്ടർ തന്നെയാകുന്നു ദുർമാർഗികൾ’’ (അൽഹശ്റ് 18,19).

അതിവേഗതയിൽ സമയം പോകുന്നു. അതുകൊണ്ട് നാം സൽകർമങ്ങൾ ചെയ്യാൻ അമാന്തം കാണിക്കാതിരിക്കുക. അല്ലാഹു പറയുന്നു:

ചെയ്യുന്നത് സൂക്ഷ്മതയോടും ആത്മാർഥമായുമാകണം. പ്രവാചക മാർഗം പിൻപറ്റിക്കൊണ്ടുമായിരിക്കണം. എന്തെങ്കിലും എങ്ങനെയെങ്കിലും കാട്ടിക്കൂട്ടിയിട്ട് കാര്യമേതുമില്ല. പ്രവാചകന്മാരുടെ പാത ഇതാണ്: ''അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നല്ല കാര്യങ്ങളിൽ അത്യുത്സാഹം കാണിക്കുകയും ചെയ്യും. അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു'' (ആലുഇംറാൻ 114).

''നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്''(ആലുഇംറാൻ 133).

''നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു'' (അൽഹദീദ് 21).

നന്മകളിൽ മത്സരിച്ചു മുന്നേറുവാൻ അല്ലാഹു നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്: ''പക്ഷേ, നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുവാൻ (അവൻ ഉദ്ദേശിക്കുന്നു). അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം...'' (മാഇദ 48).

ചെയ്യുന്നത് സൂക്ഷ്മതയോടും ആത്മാർഥമായുമാകണം. പ്രവാചക മാർഗം പിൻപറ്റിക്കൊണ്ടുമായിരിക്കണം. എന്തെങ്കിലും എങ്ങനെയെങ്കിലും കാട്ടിക്കൂട്ടിയിട്ട് കാര്യമേതുമില്ല. പ്രവാചകന്മാരുടെ പാത ഇതാണ്: ''അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നല്ല കാര്യങ്ങളിൽ അത്യുത്സാഹം കാണിക്കുകയും ചെയ്യും. അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു'' (ആലുഇംറാൻ 114).

അതിനാൽ മരിക്കും മുമ്പ് കഴിയുന്ന നന്മകൾ ചെയ്യുക. ശരീരംകൊണ്ടും സമ്പത്തുകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക. മരണശേഷം കർമങ്ങൾ ചെയ്യാൻ കഴിയില്ലല്ലോ. ''സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവഴിക്കുവിൻ. സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ'' (അൽബഖറ 254).

''വിശ്വാസികളായ എന്റെ ദാസൻമാരോട് നീ പറയുക: അവർ നമസ്കാരം മുറ പോലെ നിർവഹിക്കുകയും, നാം അവർക്കു നൽകിയ ധനത്തിൽ നിന്ന്, യാതൊരു ക്രയവിക്രയവും ചങ്ങാത്തവും നടക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി രഹസ്യമായും പരസ്യമായും അവർ (നല്ല വഴിയിൽ) ചെലവഴിക്കുകയും ചെയ്ത് കൊള്ളട്ടെ'' (ഇബ്റാഹീം 31).

''ആകയാൽ അല്ലാഹുവിൽനിന്ന് ആർക്കും തടുക്കാനാവാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി നീ നിന്റെ മുഖം വക്രതയില്ലാത്ത മതത്തിലേക്ക് തിരിച്ച് നിർത്തുക. അന്നേദിവസം ജനങ്ങൾ (രണ്ടുവിഭാഗമായി) പിരിയുന്നതാണ്'' (അർറൂം 43).

''ഒരു ദിവസം വന്നെത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം നിങ്ങൾ സ്വീകരിക്കുക. അല്ലാഹുവിങ്കൽനിന്നുള്ള ആ ദിവസത്തെ തടുക്കുക സാധ്യമല്ല. അന്ന് നിങ്ങൾക്ക് യാതൊരു അഭയസ്ഥാനവുമുണ്ടാവില്ല. നിങ്ങൾക്ക് (കുറ്റങ്ങൾ) നിഷേധിക്കാനുമാവില്ല'' (ശൂറാ 47).

''നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: എന്റെ രക്ഷിതാവേ, അടുത്ത ഒരു അവധി വരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്'' (അൽമുനാഫിഖൂൻ 10).

ജീവിതത്തിൽ വരാനിരിക്കുന്ന പ്രയാസകരമായ ഘട്ടങ്ങൾ വന്നെത്തും മുമ്പ് സൽകർമങ്ങൾക്കു ധൃതി പിടിക്കുവിൻ എന്ന് തിരുനബി(സ്വ) താക്കീതു നൽകിയിട്ടുണ്ട്. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ''നിങ്ങൾ സൽകർമങ്ങൾകൊണ്ട് മുന്നേറുക. ഇരുൾമുറ്റിയ രാത്രിയെപ്പോലെ കുഴപ്പങ്ങൾ ഉണ്ടായേക്കും. പ്രഭാതത്തിലെ സത്യവിശ്വാസി പ്രദോഷത്തിൽ സത്യനിഷേധിയും പ്രദോഷത്തിലെ സത്യവിശ്വാസി പ്രഭാതത്തിൽ സത്യനിഷേധിയും ആയിത്തീരുന്നു. തന്റെ ദീൻ ഐഹികനേട്ടങ്ങൾക്കു വേണ്ടി വിൽക്കുന്നതുകൊണ്ടാണത്'' (മുസ്‌ലിം).

നബി(സ്വ) പറഞ്ഞു: ''വരാനിരിക്കുന്ന ഏഴു കാര്യങ്ങൾക്കു മുമ്പായി നിങ്ങൾ സൽകർമങ്ങളിൽ ധൃതി കാണിക്കുക. വിസ്മൃതിയിലകപ്പെടുന്ന ദാരിദ്ര്യമോ അധർമത്തിലേക്കു നയിക്കുന്ന സമ്പത്തോ ആപത്തിലാഴ്ത്തുന്ന രോഗമോ പിച്ചുംപേയും പറയുന്ന വാർധക്യമോ ആകസ്മിക മരണമോ വരാനിരിക്കുന്നതിൽ ഏറ്റവും ഉപദ്രവകാരിയായ ദജ്ജാലോ കയ്പേറിയതും അപ്രതിരോധ്യവുമായ അന്ത്യനാളോ അല്ലാത്ത വല്ലതും നിങ്ങൾക്ക് പ്രതീക്ഷിച്ചിരിക്കാനുണ്ടോ?'' (തിർമിദി).



# വിമർശനങ്ങൾക്ക് മുന്നിൽ...

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
:99460 42525

“അനാവശ്യവാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെവെച്ച് കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്നുള്ള വാക്കല്ലാതെ'' (ഖുർആൻ 56:25,26).

സ്വർഗത്തിന്റെ പ്രത്യേകതകൾ പറയുന്നിടത്ത് ഖുർആൻ എടുത്തുപറയുന്ന ഒരു കാര്യമാണിത്. ആക്ഷേപങ്ങളോ വിമർശനങ്ങളോ ഇല്ലാത്ത ലോകമായിരിക്കും സ്വർഗം! ഹാ എത്ര സുന്ദരമായിരിക്കും അത്തരമൊരു ലോകം!

നോക്കൂ...!

എത്ര വിവരദോഷികളും വിവേകമില്ലാത്തവരുമാണ് അന്നം നൽകുന്ന സർവലോക പരിപാലകനെ വിമർശിച്ചുകൊണ്ടിരിക്കുന്നത്! അപ്പോൾ ഞാനോ നിങ്ങളോ വിമർശിക്കപ്പെടുന്നത് അത്ര വലിയ കാര്യമാണോ? ഒരിക്കലുമല്ല!

ജീവിതത്തിൽ നിരന്തരമായും ഒട്ടും മാർദവമില്ലാതെയും അതിക്രൂരമായും നാം വിമർശിക്കപ്പെട്ടേക്കാം. ചിലപ്പോൾ ബോധപൂർവമുള്ള ഇകഴ്ത്തലുകൾക്കും കരുതിക്കൂട്ടിയ അപഹസിക്കലുകൾക്കും വിധേയമായേക്കാം.

കാരണം, പ്രവൃത്തിപഥത്തിൽ നാം സജീവമായി നിലകൊള്ളുന്നുണ്ടാകും. തിന്മകൾക്കെതിരിൽ ശബ്ദിക്കുന്നുണ്ടാകും. അതിനാൽ കുടിലമനസ്കർക്ക് നമുക്ക് പിന്നിൽ കൂടാതിരിക്കാനാവില്ല. നാം എവിടെയാണെങ്കിലും നമ്മുടെ കണ്ണുകളെ നിറയിക്കുവാനായി അവർ പിന്നാലെയുണ്ടാകും.

കവി പാടിയതെത്ര യാഥാർഥ്യം:

“അയാളുടെ പരിശ്രമങ്ങളിലേക്കെത്താൻ അവർക്കാവാത്തതിനാൽ
അവർ ആ ചെറുപ്പക്കാരനോട് അസൂയവെച്ചു.
ജനങ്ങൾ ഒന്നടങ്കം അവന്റെ ശത്രുവും
വിമർശകരുമായിതീർന്നു.''

നിലത്തിരിക്കുന്നവനൊരിക്കലും മറിഞ്ഞുവീഴാറില്ല! എന്നാൽ നിന്നോടവർ കെറുവ് കാണിക്കും. കാരണം നീ ഒട്ടേറെ നന്മകൾ ചെയ്യുന്നവനാണ്. വിജ്ഞാനവും സമ്പത്തും സംസ്കാരവും ആളുകൾക്കിടയിൽ വിതറുന്നവനാണ്. അവരുടെ കണ്ണിൽ നീ മാപ്പർഹിക്കാത്ത കുറ്റം ചെയ്തവനാണ്! കാരണം നീ നിനക്ക് ദൈവം തന്ന അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു!

വിമർശനങ്ങൾ കേൾക്കുമ്പോഴേക്ക് തളരുന്ന മനസ്സിന്റെ ഉടമകളാവരുത് നാം. വിമർശിക്കുക, ആക്ഷേപിക്കുക എന്നത് മനുഷ്യന്റെ പൊതുവായ പ്രത്യേകതയാണ്.

വിമർശിക്കപ്പെടുന്നവനിരിക്കുന്ന ഉയർന്ന സ്ഥാനത്തേക്കെത്താൻ കഴിയാത്തതിന്റെ അസൂയ കൂടിയായിരിക്കാം വിമർശനത്തിന്റെ ഹേതു.

എന്നാൽ ശക്തനായ ഒരാൾ തനിക്കു നേരെ വരുന്ന വിമർശനങ്ങളുടെ കൂരമ്പുകളെ പൂമാലയായി സ്വീകരിക്കുകയും തന്റെ പ്രവർത്തന വീഥിയിൽ പുനഃപരിശോധന ആവശ്യമുണ്ടോ എന്ന് പരിശോധിക്കാൻ തയ്യാറാവുകയുമാണ് വേണ്ടത്.

നിരന്തരമായ ആത്മവിചാരണ നമ്മുടെ അകം സ്ഫടികസമാനമാക്കും. കറുത്ത ചെറുപുള്ളികൾ പോലും മായ്ച്ചുകളഞ്ഞ് മനസ്സിനെ വെട്ടിത്തിളങ്ങുന്നതാക്കി മാറ്റും.

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 51

# അദ്ദാരിയാത്ത് (വിതറുന്നവ)

وَلَا تَجْعَلُوا مَعَ ٱللَّهِ إِلَـٰهًا ءَاخَرَ
إِنِّى لَكُم مِّنْهُ نَذِيرٌ مُّبِينٌ ﴿٥١﴾
كَذَٰلِكَ مَآ أَتَى ٱلَّذِينَ مِن قَبْلِهِم مِّن رَّسُولٍ
إِلَّا قَالُوا سَاحِرٌ أَوْ مَجْنُونٌ ﴿٥٢﴾
أَتَوَاصَوْا بِهِۦ ۚ بَلْ هُمْ قَوْمٌ طَاغُونَ ﴿٥٣﴾
فَتَوَلَّ عَنْهُمْ فَمَآ أَنتَ بِمَلُومٍ ﴿٥٤﴾
وَذَكِّرْ فَإِنَّ ٱلذِّكْرَىٰ تَنفَعُ ٱلْمُؤْمِنِينَ ﴿٥٥﴾
وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ
إِلَّا لِيَعْبُدُونِ ﴿٥٦﴾
مَآ أُرِيدُ مِنْهُم مِّن رِّزْقٍ وَمَآ
أُرِيدُ أَن يُطْعِمُونِ ﴿٥٧﴾
إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو
ٱلْقُوَّةِ ٱلْمَتِينُ ﴿٥٨﴾

51. അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തെയും നിങ്ങൾ സ്ഥാപിക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും ഞാൻ നിങ്ങൾക്ക് അവന്റെ അടുക്കൽ നിന്നുള്ള വ്യക്തമായ താക്കീതുകാരനാകുന്നു.

52. അപ്രകാരം തന്നെ ഇവരുടെ പൂർവികൻമാരുടെ അടുത്ത് ഏതൊരു റസൂൽ വന്നപ്പോഴും ജാലവിദ്യക്കാരനെന്നോ, ഭ്രാന്തനെന്നോ അവർ പറയാതിരുന്നിട്ടില്ല.

53. അതിന് (അങ്ങനെ പറയണമെന്ന്) അവർ അന്യോന്യം വസ്വിയ്യത്ത് ചെയ്തിരിക്കുകയാണോ? അല്ല, അവർ അതിക്രമകാരികളായ ഒരു ജനതയാകുന്നു.

54. ആകയാൽ നീ അവരിൽനിന്ന് തിരിഞ്ഞുകളയുക. നീ ആക്ഷേപാർഹനല്ല.

55. നീ ഉൽബോധിപ്പിക്കുക. തീർച്ചയായും ഉൽബോധനം സത്യവിശ്വാസികൾക്ക് പ്രയോജനം ചെയ്യും.

56. ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.

57. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല.

58. തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും.

59. തീർച്ചയായും (ഇന്ന്) അക്രമം ചെയ്യുന്നവർക്ക് (പൂർവികരായ) തങ്ങളുടെ കൂട്ടാളികൾക്കു ലഭിച്ച വിഹിതം പോലെയുള്ള വിഹിതം തന്നെയുണ്ട്. അതിനാൽ എന്നോട് അവർ ധൃതികൂട്ടാതിരിക്കട്ടെ.
60. അപ്പോൾ തങ്ങൾക്ക് താക്കീത് നൽകപ്പെടുന്നതായ ആ ദിവസം നിമിത്തം സത്യനിഷേധികൾക്കു നാശം.

فَإِنَّ لِلَّذِينَ ظَلَمُوا ذَنُوبًا مِّثْلَ ذَنُوبِ أَصْحَـٰبِهِمْ فَلَا يَسْتَعْجِلُونِ ﴿٥٩﴾ فَوَيْلٌ لِّلَّذِينَ كَفَرُوا مِن يَوْمِهِمُ ٱلَّذِى يُوعَدُونَ ﴿٦٠﴾

51. (അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെയും നിങ്ങൾ സ്ഥാപിക്കാതിരിക്കുകയും ചെയ്യുക). ഇതാണ് അല്ലാഹുവിലേക്കുള്ള യഥാർഥ ഓടിച്ചെല്ലൽ. അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ക്വബ്റുകൾ, സമന്മാർ, ബിംബങ്ങൾ എന്നിവയെ ആരാധ്യന്മാരായി സ്വീകരിക്കുന്നതിൽ നിന്നും ഒരു അടിമ ഓടിച്ചെല്ലുക. തന്റെ ആരാധനയും ഭയവും പ്രതീക്ഷയും പ്രാർഥനയും മടക്കവും തന്റെ രക്ഷിതാവിന് മാത്രമാക്കുകയും ചെയ്യുക.

52. അല്ലാഹുവിനെ കളവാക്കുന്ന മുശ്‌രിക്കുകളെക്കുറിച്ച് പ്രവാചകനെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു. അദ്ദേഹത്തെയും അവർ കളവാക്കുന്നു. വിശുദ്ധമാക്കപ്പെട്ട അദ്ദേഹത്തിന്റെ കാര്യങ്ങളിൽവരെ മോശമായ ആരോപണങ്ങളും അവർ പറയുന്നു. ഈ വാക്കുകളെല്ലാം തന്നെ പ്രവാചകന്മാരെ കളവാക്കുന്ന കുറ്റവാളികൾ സ്ഥിരം പറയാറുള്ള കാര്യങ്ങൾ തന്നെയാണ്. തന്റെ ജനതയാൽ ഭ്രാന്തും സിഹ്റും ആരോപിക്കപ്പെടാതെ ഒരു ദൂതനെയും അല്ലാഹു അയച്ചിട്ടില്ല.

53. അല്ലാഹു പറയുന്നു; ഇവരിൽനിന്നും പൂർവികന്മാരിൽനിന്നുമുണ്ടാകുന്ന ഒരേ വാക്കുകൾ പറയണമെന്നവർ പരസ്പരം വസിയ്യത്ത്ചെയ്തതാണോ? അവർ പരസ്പരം ചൊല്ലിക്കൊടുക്കുകയുമാണോ? ഇതിലവർ യോജിക്കുന്നതിന്റെ കാരണം അത്ഭുതമല്ലേ? (അല്ല അവർ അതിക്രമകാരികളായ ഒരു ജനതയാകുന്നു) അതിക്രമത്തിലും അവിശ്വാസത്തിലും അവരുടെ പ്രവർത്തനങ്ങളും ഹൃദയങ്ങളും പരസ്പരം സാദൃശ്യമായിരിക്കുന്നു. അവരുടെ അതിക്രമങ്ങളിൽനിന്നുണ്ടാകുന്ന വാക്കുകൾ പരസ്പരം സദൃശ്യമായിരിക്കുന്നു. ഇതാണ് യാഥാർഥ്യം

''അപ്രകാരം തന്നെ സത്യവിശ്വാസികളുടെ ഹൃദയങ്ങൾ സത്യത്തിന് കീഴൊതുങ്ങാനും അതിനെ അന്വേഷിക്കാനും അതിൽ പരിശ്രമിക്കാനുമാണ് പരസ്പരം സാദൃശ്യമുണ്ടായിരിക്കുന്നത്. അവർ പ്രവാചകന്മാരിൽ വിശ്വസിക്കാനും അവരെ ആദരിക്കാനും ബഹുമാനിക്കുവാനും ശരിയായ നിലയിൽ അവരോട് സംസാരിക്കാനും ധൃതി കാണിക്കുകയും ചെയ്യുന്നു'' (2:118).

54. സത്യത്തിൽനിന്ന് തിരിഞ്ഞുകളയുന്ന സത്യനിഷേധികളെ അവഗണിക്കാൻ തന്റെ ദൂതനോട് അല്ലാഹു കൽപ്പിക്കുന്നു: (ആകയാൽ നീ അവരിൽനിന്ന് തിരിഞ്ഞുകളയുക). അതായത്, നീ അവരെ അവഗണിക്കുക. അവരുടെ കാര്യങ്ങളിൽ നീ നടപടി സ്വീകരിക്കേണ്ടതില്ല. നീ നിന്റെ കാര്യവുമായി മുന്നോട്ടുപോവുക. അവരുടെ തെറ്റുകളിൽ യാതൊരാക്ഷേപവും നിനക്കില്ല. എത്തിച്ചുകൊടുക്കൽ മാത്രമാണ് നിനക്ക് ബാധ്യത. നിന്നെ ഏൽപിച്ചത് നീ നിർവഹിക്കുക. നീ നിയോഗിക്കപ്പെട്ട കാര്യം നീ എത്തിച്ചു.

55. (നീ ഉദ്ബോധിപ്പിക്കുക, തീർച്ചയായും ഉദ്ബോധനം സത്യവിശ്വാസികൾക്ക് പ്രയോജനം ചെയ്യും). ഉദ്ബോധനം രണ്ടുവിധമുണ്ട്. മൊത്തത്തിൽ ബുദ്ധികൊണ്ടും പ്രകൃതികൊണ്ടും മനസ്സിലാക്കിയതും വിശദമല്ലാത്തതുമായ ഉദ്ബോധനം. കാരണം അല്ലാഹു ബുദ്ധിയുടെ പ്രകൃതി പൊതുവെ സത്യത്തെ സ്നേഹിക്കുകയും അതിന് മുൻഗണന നൽകുകയും ചെയ്യുന്നതും തിന്മയെ വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതുമാണ്. മതനിയമങ്ങൾ അതിനോട് യോജിക്കുകയും ചെയ്യും.

എന്നാൽ ഈ ഉദ്ബോധനം പൂർത്തിയാകുന്നതും നന്മ വരുത്തുന്നതും ഉത്തമവും നന്മയായ വിധികളെയും ദ്രോഹകരമായ വിരോധങ്ങളെയും ഉദ്ബോധിപ്പിക്കലിലൂടെയാണ്. ഉദ്ബോധനങ്ങളിൽ രണ്ടാമത്തെ ഇനം സത്യവിശ്വാസിക

ൾക്ക് പരിചിതമായ ഉദ്ബോധനമാണ്. എന്നാൽ അതിൽ സ്വാഭാവികമായും അശ്രദ്ധയും അവഗണനയും വരും. അപ്പോൾ അവർ ഉദ്ബോധിപ്പിക്കപ്പെടും. അവരോട് അത് ആവർത്തിച്ചുകൊണ്ട് മനസ്സുകളിൽ അത് ഉറപ്പിക്കും. അവർ ബോധവാന്മാരാവുകയും ചെയ്യും. അതനുസരിച്ച് അവർ പ്രവർത്തിക്കും. പുതിയ ഉന്മേഷമുണ്ടാകും. അത് പ്രയോജനപ്പെടുത്താനും ഉയരാനുമുള്ള മനശ്ശക്തിയുണ്ടാക്കും. അല്ലാഹു പറയുന്നുണ്ട്; ഉദ്ബോധനം വിശ്വാസികൾക്ക് ഉപകരിക്കുമെന്ന്. അതിന് കാരണം അവർക്ക് വിശ്വാസവും ഭക്തിയും പശ്ചാത്താപവും അല്ലാഹുവിന്റെ തൃപ്തിക്കുള്ള മനസ്സുമുണ്ടെന്നുള്ളതാണ്. അതുകൊണ്ട് ഉദ്ബോധനം അവർക്ക് പ്രയോജനപ്പെടും. ഉപദേശങ്ങൾ അത് കൊള്ളേണ്ടിടത്ത് കൊള്ളും.

എന്നാൽ വിശ്വാസവും ഉദ്ബോധനവും സ്വീകരിക്കാനുള്ള മാനസിക തയ്യാറെടുപ്പ് ഇല്ല. അവർക്ക് ഈ ഉദ്ബോധനം ഫലപ്പെടില്ല. ചതുപ്പ് ഭൂമിയിൽ മഴ പ്രയോജനപ്പെടില്ല. ഇത്തരക്കാർക്ക് എത്രതന്നെ ദൃഷ്ടാന്തങ്ങൾ വന്നാലും വേദനയേറിയ ശിക്ഷ കാണുന്നതുവരെ അവർ വിശ്വസിക്കില്ല.

56. മനുഷ്യരെയും ജിന്നുകളെയും അല്ലാഹു സൃഷ്ടിച്ചതിന്റെ ലക്ഷ്യമിതാണ്. എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തതും ഇതുതന്നെ. അത് അല്ലാഹുവിനെ മനസ്സിലാക്കിയും അവനെ സ്നേഹിച്ചും അവനിലേക്ക് ഖേദിച്ചുമടങ്ങിയും മറ്റുള്ളവരിൽനിന്നും തിരിഞ്ഞുകളഞ്ഞ് അവനിലേക്ക് മുന്നിട്ടും അവനെ ആരാധിക്കുക എന്നതാണ്. അതാവട്ടെ അല്ലാഹുവിനെ ശരിയായവിധം അറിയുന്നതിൽ മാത്രം പരിമിതമാണ്. ശരിയായ ആരാധന അല്ലാഹുവിനെ അറിയുമ്പോൾ മാത്രമാണ് ഉണ്ടാകുന്നത്. തന്റെ രക്ഷിതാവിനെക്കുറിച്ചുള്ള അറിവ് വർധിക്കുമ്പോഴേക്കും അവന്റെ ആരാധന പൂർണത പ്രാപിക്കുന്നു. ഇതിനാണ് അല്ലാഹു മതമനുഷ്ഠിക്കാൻ ബാധ്യതയുള്ളവരെ സൃഷ്ടിച്ചത്. അവന്റെ ആവശ്യത്തിനുവേണ്ടി അവരെ അവൻ സൃഷ്ടിച്ചിട്ടില്ല.

57. (ഞാൻ അവനിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല). ഒരു നിലക്കും ഒരാളിലേക്കും ഒരാവശ്യവുമില്ലാത്ത ഐശ്വര്യവാനും ധന്യനുമാണ് അല്ലാഹു. എന്നാൽ സർവ സൃഷ്ടികളും സർവ ആവശ്യങ്ങൾക്കും -അത്യാവശ്യമായതിനാവട്ടെ, അല്ലാത്തതിനാവട്ടെ- അവനിലേക്ക് ആവശ്യമുള്ളവരാണ്.

58. അല്ലാഹു പറയുന്നു: (തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവൻ). ധാരാളം ഭക്ഷണം നൽകുന്നവൻ. ആകാശത്തിലാവട്ടെ ഭൂമിയിലാവട്ടെ യാതൊരു ജീവിയും തന്നെയില്ല; അതിന്റെ ഭക്ഷണം അല്ലാഹു ഏറ്റെടുത്തിട്ടല്ലാതെ. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവുംഅവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്. (ശക്തനും പ്രബലനും). അവന് ശക്തിയുണ്ട്, എല്ലാറ്റിനുമുള്ള കഴിവുമുണ്ട്. ഉപരിയിലും അല്ലാത്തതുമായ മഹത്തായ ഗോളങ്ങളെ അതിനാൽ (കഴിവിനാൽ) അവനാണ് ഉണ്ടാക്കിയത്. ആ ശക്തിയിൽ ബാഹ്യവും ആന്തരികവുമായ എല്ലാം അവൻ നിയന്ത്രിക്കുന്നു.

എല്ലാ സൃഷ്ടികളിലും അവന്റെ ഉദ്ദേശ്യം അവൻ നടപ്പിലാക്കുന്നു. അവനുദ്ദേശിച്ചാൽ അത് ഉണ്ടാകും, അവനുദ്ദേശിക്കാത്തത് ഉണ്ടാകുന്നുമില്ല. ഓടിപ്പോകുന്നവൻ അവനെ പരാജയപ്പെടുത്തുന്നില്ല. അവന്റെ അധികാരത്തിൽ നിന്ന് ഒരാളും പുറത്തുപോകുന്നില്ല. അവന്റെ ശക്തിയാൽ അവൻ ലോകത്ത് മുഴുവൻ ഭക്ഷണമെത്തിക്കുന്നു. മരിച്ചവരെ അവൻ ജനിപ്പിക്കുന്നു. അവന്റെ ശക്തിയാൽ ചിന്നിച്ചിതറി നുരുമ്പിയശേഷം, കാറ്റ് അവരിൽ വീശിയശേഷം, പക്ഷികളും മൃഗങ്ങളും അവരെ വിഴുങ്ങിയ ശേഷം, വിജനതകളിലും സമുദ്രതിരമാലകളിലും ചിതറിയതിനുശേഷം അവരിൽ ഒരാൾപോലും നഷ്ടപ്പെട്ടുപോകാതെ, ഭൂമി അവരുടെ ശരീരങ്ങളിൽ വരുത്തുന്ന കുറവ് അവൻ അറിയുന്നു. ശക്തനും പ്രബലനുമായവൻ മഹാപരിശുദ്ധൻ.

59. (തീർച്ചയായും അക്രമം ചെയ്തവർക്ക്) മുഹമ്മദ് നബി(സ)യെ കളവാക്കിയവർക്ക് ഗുണപാഠവും ശിക്ഷയുമുണ്ട്. (വിഹിതം) അതായത് ഓഹരി, ഭാഗം. കളവാക്കുകയും അക്രമം കാണിക്കുകയും ചെയ്ത ആളുകൾക്ക് ലഭിച്ചതുപോലെ. (അതിനാൽ എന്നോടവർ ധൃതികൂട്ടാതിരിക്കട്ടെ) ശിക്ഷയ്ക്ക്. സമുദായങ്ങളിൽ അല്ലാഹുവിന്റെ നടപടിക്രമം എപ്പോഴും ഒന്നാണ്. പശ്ചാത്താപമോ മനസ്താപമോ ഇല്ലാതെ നിഷേധത്തിൽ തുടരുന്ന എല്ലാ നിഷേധിക്കും അൽപം വൈകിയാലും ശിക്ഷ അനിവാര്യമാണ്.

60. ഉയിർത്തെഴുന്നേൽപ് നാളിനെക്കുറിച്ച് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു: (അപ്പോൾ തങ്ങൾക്ക് താക്കീത് നൽകപ്പെടുന്നതായ ആ ദിവസം നിമിത്തം സത്യനിഷേധികൾക്ക് നാശം). ഉയിർത്തെഴുന്നേൽപ് ദിനമാണത്. അതിലവർക്ക് വ്യത്യസ്തമായ ശിക്ഷകളും ഗുണപാഠങ്ങളും ചങ്ങലകളും കയ്യാമങ്ങളും സംബന്ധിച്ച് താക്കീത് ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും രക്ഷപ്പെടുത്തുന്നവനോ സഹായിക്കുന്നവനോ ഒരാളുമില്ല. അതിൽനിന്ന് നാം അല്ലാഹുവോട് രക്ഷ ചോദിക്കുന്നു. ■




# ഉമ്മമാരറിയാൻ

സഹ്റ സുല്ലമിയ്യ

**7. ഭക്ഷണം ഒരുമിച്ചിരുന്നു കഴിക്കാം**

ഇന്ന് എല്ലാവർക്കും തിരക്കാണ്. കുടുംബാംഗങ്ങൾക്ക് ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ പോലും സമയമില്ല. എത്ര തിരക്കാണെങ്കിലും ദിവസം ഒരു നേരമെങ്കിലും കുടുംബത്തിലെ എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കണം. എത്ര ഭക്ഷണം കഴിച്ചാലും വയറുനിറയുന്നതായി തോന്നുന്നില്ല എന്നു പറഞ്ഞ ഒരു അനുചരനോട് നബി(സ്വ) നിർദേശിച്ചത് കുടുംബത്തോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുവാനാണ്. ഫ്ളോറിഡ സർവകലാശാല നടത്തിയ ഗവേഷണഫലം കാണിക്കുന്നത് ഭക്ഷണം പങ്കുവച്ചു കഴിക്കുന്നത് കുടുംബ ബന്ധങ്ങൾ ശക്തമാക്കുന്നു എന്നതാണ് എന്ന കാര്യം ഇതിനോട് ചേർത്തുവായിക്കുക. കുട്ടികൾ ഏത് സാഹചര്യവുമായും നന്നായി പൊരുത്തപ്പെടാൻ ശീലിക്കും. കുട്ടികൾ മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെടാനുള്ള സാധ്യതയും കുടുംബത്തിലെല്ലാവരും ഒരുമിച്ചിരിക്കുന്നതിലൂടെ കുറയും.

**8. സൗഹൃദത്തിന്റെ പ്രാധാന്യം**

കുട്ടികളുടെ ആരോഗ്യകരമായ മാനസിക വികാസത്തിന് സൗഹൃദങ്ങൾ വളരെ പ്രധാനമാണ്. കൂട്ടുകാരോടൊപ്പം കളിക്കുന്നത് കുട്ടികളിൽ ആശയം വിനിമയം, സഹകരണം, പ്രശ്ന പരിഹാരം തുടങ്ങിയവയ്ക്കെല്ലാം സഹായകമാകും. സ്കൂളിലെ പ്രകടനത്തെയും നല്ല സൗഹൃദം ഗുണകരമായി ബാധിക്കും. സൗഹൃദങ്ങൾ ഉണ്ടാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. എന്നാൽ ചീത്ത കൂട്ടുകെട്ടിൽനിന്ന് അവരെ വിലക്കുകയും വേണം.

**9. കുട്ടികളെ ശുഭാപ്തി വിശ്വാസമുള്ളവരാക്കുക**

ആഗ്രഹിച്ച രീതിയിൽ കാര്യങ്ങൾ നടക്കാത്തത് കുട്ടികളെ നിരാശപ്പെടുത്തിയേക്കാം. തിരിച്ചടികൾ നേരിടുമ്പോൾ കരുത്തോടെ പിടിച്ചുനിൽക്കാൻ അവരെ പ്രാപ്തരാക്കുക. ശുഭചിന്തയും നല്ല ബന്ധങ്ങളും കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനം ചെയ്യും. കുട്ടികളിൽ ആത്മാഭിമാനം വളർത്താനും ഇത് സഹായിക്കും.

**10. ദന്ത ശുചീകരണം**

ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പല്ലുകൾ വൃത്തിയാക്കുന്നതിന്റെ പ്രാധാന്യം കുട്ടികൾക്കു പറഞ്ഞുകൊടുക്കണം. രാവിലെയും രാത്രി കിടക്കാൻ പോകുന്നതിന് മുമ്പും കുട്ടികൾ ബ്രഷ് ചെയ്യുന്നുണ്ട് എന്ന് മാതാപിതാക്കൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. ദന്ത ശുചീകരണത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ചെറുപ്പം മുതൽ ആരോഗ്യത്തിന്റെയും നല്ല ജീവിതത്തിന്റെയും പാഠങ്ങൾ പഠിപ്പിച്ചാൽ മാത്രമെ കുട്ടികളിൽ വലുതാകുമ്പോഴും വൃത്തിയുള്ള ഒരു ജീവിതശൈലി നിലനിൽക്കുകയുള്ളൂ.

**11. ആവശ്യത്തിനുള്ള ഉറക്കം**

ആവശ്യത്തിനുള്ള ഉറക്കം കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. എന്നും ഉറങ്ങുന്നതും ഉണരുന്നതും ഒരേസമയത്താകുന്നത് അത്യുത്തമമാണ്. അത് അവരെ ക്ലാസ്സിൽ കൂടുതൽ ശ്രദ്ധാലുക്കളാകാൻ സഹായിക്കും. അവർ നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യണം. പ്രഭാത നമസ്കാരം അതിന്റെ സമയം തീരുന്നതിനു മുമ്പുതന്നെ അനുഷ്ഠിക്കാൻ അവർ ശീലിക്കണം.

സ്നേഹമുള്ളവരും കഴിവുള്ളവരും ഏത് വെല്ലുവിളിയെയും നേരിടുവാൻ കെൽപുള്ളവരുമായി കുട്ടികളെ വളർത്തിയെടുക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. കുട്ടികളിൽ പോസിറ്റീവായിട്ടുള്ള മാനസികനില രൂപപ്പെടുത്താൻ രക്ഷിതാക്കൾക്ക് കഴിയും. നിങ്ങൾ കുഞ്ഞുങ്ങൾക്ക് പകർന്നു നൽകുന്നത് ജീനുകൾ മാത്രമല്ല നിങ്ങളുടെ സ്വഭാവങ്ങൾ കൂടിയാണ് എന്നത് മറക്കാതിരിക്കുക.



# വധശ്രമവും മുഅ്ത യുദ്ധവും



ഹുസൈൻ സലഫി
:+971 50 634 6963

ഖയ്ബർ യുദ്ധം കഴിഞ്ഞ് നബി(സ്വ)യും അനുചരന്മാരും മടങ്ങി. മടങ്ങുന്ന സമയത്ത് യഹൂദി ഗോത്രത്തിലെ നേതാവിന്റെ ഭാര്യ സൈനബ് ഒരു സദ്യ തയ്യാറാക്കി അതിലേക്ക് നബി(സ്വ)യെ ക്ഷണിച്ചു. മാംസത്തിൽ വിഷം പുരട്ടി നബിയെ വധിക്കലായിരുന്നു അവളുടെ ലക്ഷ്യം. അവൾ നബി(സ്വ)യുടെ അടുത്തേക്ക് ആളെ അയച്ചു; നബി(സ്വ)ക്ക് മാംസത്തിൽ ഏത് ഭാഗമാണ് കൂടുതൽ പ്രിയങ്കരം എന്ന് അറിയാൻ വേണ്ടി. അതിൽ കൂടുതൽ വിഷം പുരട്ടാനായിരുന്നു അവൾ അത് ചോദിച്ചറിഞ്ഞത്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''ഖയ്ബർ ജയിച്ചടക്കപ്പെട്ടപ്പോൾ നബി(സ്വ)ക്ക് വിഷം ചേർത്ത ഒരു ആട് (പാചകം ചെയ്തത്) ഹദ്‌യയായി നൽകപ്പെടുകയുണ്ടായി. അപ്പോൾ നബി(സ്വ) പറഞ്ഞു: 'യഹൂദികളിൽനിന്ന് ഇവിടെയുള്ളവർ എന്റെ അടുക്കൽ ഒരുമിക്കുവിൻ.' അങ്ങനെ അവർ അവിടുത്തേക്ക് വേണ്ടി ഒരുമിച്ചുകൂടപ്പെട്ടു. എന്നിട്ട് അവിടുന്ന് ചോദിച്ചു: 'ഞാൻ നിങ്ങളോട് ഒരു കാര്യത്തെക്കുറിച്ച് ചോദിക്കുകയാണ്. അതിനെപ്പറ്റി നിങ്ങൾ എന്നെ സത്യപ്പെടുത്തുമോ?' അപ്പോൾ അവർ പറഞ്ഞു: 'അതെ.' നബി(സ്വ) അവരോട് ചോദിച്ചു: 'നിങ്ങളുടെ പിതാവ് ആരാണ്?' അവർ പറഞ്ഞു: 'ഇന്നയാൾ.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിങ്ങൾ കളവ് പറഞ്ഞിരിക്കുന്നു. നിങ്ങളുടെ പിതാവ് ഇന്നയാളാണ്.' അവർ പറഞ്ഞു: 'താങ്കൾ സത്യം പറഞ്ഞിരിക്കുന്നു.' അവിടുന്ന് ചോദിച്ചു: 'ഒരു കാര്യത്തെക്കുറിച്ച് ഞാൻ നിങ്ങളോട് ചോദിച്ചാൽ അതിനെപ്പറ്റി നിങ്ങൾ എന്നെ സത്യപ്പെടുത്തുമോ?' അപ്പോൾ അവർ പറഞ്ഞു: 'അതെ, അബുൽക്വാസിം. ഞങ്ങൾ കളവ് പറഞ്ഞാൽ ഞങ്ങളുടെ പിതാവിന്റെ കാര്യത്തിൽ

നീ അത് മനസ്സിലാക്കിയത് പോലെ നീ ഞങ്ങളുടെ കളവ് മനസ്സിലാക്കുമല്ലോ.' അപ്പോൾ അവിടുന്ന് അവരോട് ചോദിച്ചു: 'ആരാകുന്നു നരകക്കാർ?' അവർ പറഞ്ഞു: 'അതിൽ ഞങ്ങൾ കുറച്ചു കാലം മാത്രമായിരിക്കും. പിന്നീട് അതിൽ ഞങ്ങൾക്കു പകരക്കാരായി നിങ്ങളെയാക്കും.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'നിങ്ങൾ അതിൽ നിന്ദ്യരാകട്ടെ. അല്ലാഹുവാണെ, ഞങ്ങളതിൽ നിങ്ങൾക്കു പകരാക്കാരാവില്ല.' പിന്നീട് അവിടുന്ന് ചോദിച്ചു: 'ഒരു കാര്യത്തെക്കുറിച്ച് ഞാൻ നിങ്ങളോട് ഞാൻ ചോദിച്ചാൽ അതിനെത്തൊട്ട് നിങ്ങൾ എന്നെ സത്യപ്പെടുത്തുമോ?' അപ്പോൾ അവർ പറഞ്ഞു: 'അതെ, അബുൽക്വാസിം.' അവിടുന്ന് ചോദിച്ചു: 'നിങ്ങൾ ഈ ആടിൽ വിഷം ചേർത്തിട്ടുണ്ടോ?' അപ്പോൾ അവർ പറഞ്ഞു: 'അതെ.' അവിടുന്ന് ചോദിച്ചു: 'നിങ്ങളെ അതിന് പ്രേരിപ്പിച്ചത് എന്താകുന്നു?' അവർ പറഞ്ഞു: 'താങ്കൾ കളവ് പറയുന്നവനാണെങ്കിൽ ഞങ്ങൾക്ക് ആശ്വസിക്കാമല്ലോ. (അതല്ല) താങ്കൾ പ്രവാചകനാണെങ്കിൽ താങ്കൾക്ക് യാതൊരു പ്രയാസവും ഉണ്ടാവുകയുമില്ല' (ബുഖാരി).

നബി(സ്വ)യുടെ കൂടെ ആ സന്ദർഭത്തിൽ ഉണ്ടായിരുന്ന സ്വഹാബിയായിരുന്നു ബിഷ്ർ (റ). അദ്ദേഹം അത് ഭക്ഷിച്ച് മരണപ്പെടുകയുണ്ടായി.

നബി(സ്വ)ക്ക് വിഷം നൽകിയ സ്ത്രീ നബി(സ്വ)ക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗത്ത് കൂടുതൽ വിഷം ചേർത്തു. മറ്റുള്ള ഭാഗങ്ങളിലും വിഷം പുരട്ടിയിരുന്നു. വിഷം പുരട്ടി പാചകം ചെയ്തിട്ടുള്ള ആടിനെ നബി(സ്വ)യുടെ മുന്നിൽ അവൾ വെച്ചു. നബി(സ്വ) അതിൽനിന്നും ഒരു കഷ്ണം എടുത്തു. അവിടുന്ന് കഴിച്ചു തുടങ്ങിയിരുന്നില്ല. കൂടെ ഉണ്ടായിരുന്ന ബിഷ്ർ (റ) കഴിക്കുകയും ചെയ്തു. നബി(സ്വ) അത് വായിലേക്ക് വെച്ച സമയത്ത് പറഞ്ഞു: 'ഇത് വിഷം ചേർത്തതാണെന്ന് ഈ എല്ല് എന്നോട് പറഞ്ഞിരിക്കുന്നു.' നബി(സ്വ) ഇറച്ചിക്കഷ്ണം വായിലേക്ക് വെച്ച് അൽപം ഉമിനീർ ഇറക്കിയിരുന്നു. എന്നാൽ ബിഷ്ർ (റ) നന്നായി അത് ഇറക്കുകയും ചെയ്തു. അതിനാൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു. തുടർന്ന് ഈ വിഷം നൽകിയ സ്ത്രീയെ അവിടേക്ക് വിളിച്ചു വരുത്തി. അവളോട് ഈ ചെയ്തിയെപ്പറ്റി ചോദിച്ചു: 'എന്തിനാണ് ഇപ്രകാരം ചെയ്തത്.' അവൾ പറഞ്ഞു: 'താങ്കൾ കളവ് പറയുന്നവനാണെങ്കിൽ താങ്കളിൽനിന്ന് ജനങ്ങൾക്ക് ആശ്വാസം ലഭിക്കുമല്ലോ. അതല്ല, താങ്കൾ പറയുന്നത് പോലെ ഒരു നബിയാണ് താങ്കൾ എങ്കിൽ താങ്കൾക്ക് വിവരം ലഭിക്കപ്പെടുകയും ചെയ്യുമല്ലോ.'

അങ്ങനെ ഈ വധശ്രമത്തിൽനിന്നും നബി(സ്വ)യെ അല്ലാഹു രക്ഷപ്പെടുത്തി. നബി(സ്വ) മരണത്തിൽനിന്നും രക്ഷപ്പെട്ടെങ്കിലും അതിനാൽ ചില വിഷമങ്ങൾ അവിടുത്തേക്ക് ബാധിച്ചിട്ടുണ്ട് എന്നാണ് ചരിത്രം നമുക്ക് പഠിപ്പിച്ചുതരുന്നത്.

മഹാനായ പ്രവാചകൻ(സ്വ) ഈ ലോകത്തോട് വിടപറയുന്നത് പ്രിയ പത്നി ആഇശ(റ)യുടെ മടിത്തട്ടിൽ തല ചായ്ച്ചു കിടന്നുകൊണ്ടായിരുന്നു. ആഇശ(റ) പറയുന്നു:

''നബി(സ്വ) മരണപ്പെട്ടതായ രോഗത്തിൽ അവിടുന്ന് പറയുമായിരുന്നു: 'ആഇശാ, ഖയ്ബറിൽ ഞാൻ കഴിച്ച ഭക്ഷണത്തിന്റെ വേദന ഞാൻ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ വിഷത്തിനാൽ എന്റെ ജീവനാഡി മുറിഞ്ഞുപോകുമെന്ന് എനിക്ക് തോന്നുന്നു''(ബുഖാരി).

നബി(സ്വ) അന്ന് കഴിച്ച ആ വിഷത്തിന്റെ അടയാളമായി അവിടുത്തെ അണ്ണാക്കിൽ ഒരു കറുത്ത അടയാളം കാണാമായിരുന്നു എന്ന് സ്വഹാബിമാർ പറയുന്നത് റിപ്പോർട്ട് ചെയ്തതായും കാണാം. നമ്മുടെ നാട്ടിൽ ചില 'ഔലിയാക്കൾ' അദൃശ്യകാര്യങ്ങളുടെ ഹോൾസെയിൽ

**ഖയ്ബർ യുദ്ധം കഴിഞ്ഞ് നബി(സ്വ)യും അനുചരന്മാരും മടങ്ങുന്ന സമയത്ത് യഹൂദി ഗോത്രത്തിലെ നേതാവിന്റെ ഭാര്യ സൈനബ് ഒരു സദ്യ തയ്യാറാക്കി അതിലേക്ക് നബി(സ്വ)യെ ക്ഷണിച്ചു. മാംസത്തിൽ വിഷം പുരട്ടി നബിയെ വധിക്കലായിരുന്നു അവളുടെ ലക്ഷ്യം. നബി(സ്വ) അന്ന് കഴിച്ച ആ വിഷത്തിന്റെ അടയാളമായി അവിടുത്തെ അണ്ണാക്കിൽ ഒരു കറുത്ത അടയാളം കാണാമായിരുന്നു എന്ന് സ്വഹാബിമാർ പറയുന്നത് റിപ്പോർട്ട് ചെയ്തതായി കാണാം. നമ്മുടെ നാട്ടിൽ ചില 'ഔലിയാക്കൾ' അദൃശ്യകാര്യങ്ങളുടെ ഹോൾസെയിൽ വ്യാപാരികളാണ്. എന്നാൽ തന്റെ മുന്നിലിരിക്കുന്ന ഭക്ഷണത്തിൽ വിഷമുണ്ടെന്ന കാര്യം അല്ലാഹു അറിയിച്ച നിമിഷത്തിലല്ലാതെ നബി(സ്വ)ക്ക് അറിയാൻ കഴിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ അത് വായിൽ വെക്കുമായിരുന്നില്ല. തന്റെ ഒരു അനുചരനെ വിഷം അകത്തുചെന്നുള്ള മരണത്തിൽനിന്ന് തടുക്കാൻ സാധിക്കുകയും ചെയ്യുമായിരുന്നു.**

വ്യാപാരികളാണ്. എന്നാൽ തന്റെ മുന്നിലിരിക്കുന്ന ഭക്ഷണത്തിൽ വിഷമുണ്ടെന്ന കാര്യം അല്ലാഹു അറിയിച്ച നിമിഷത്തിലല്ലാതെ നബി(സ്വ)ക്ക് അറിയാൻ കഴിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ അത് വായിൽ വെക്കുമായിരുന്നില്ല. തന്റെ ഒരു അനുചരനെ വിഷം അകത്തുചെന്നുള്ള മരണത്തിൽനിന്ന് തടുക്കാൻ സാധിക്കുകയും ചെയ്യുമായിരുന്നു.

ഖയ്ബർ യുദ്ധത്തിൽ ധാരാളം യഹൂദികളെ ബന്ധികളാക്കിയത് നാം മനസ്സിലാക്കി. ആ ബന്ധികളുടെ കൂട്ടത്തിൽപെട്ട ആളായിരുന്നു സ്വഫിയ്യ(റ). സ്വഫിയ്യ ബിൻത് ഹുയയ്യ് എന്നായിരുന്നു അവരുടെ മുഴുവൻ പേര്. ബന്ധിയാക്കപ്പെട്ട സ്വഫിയ്യ(റ) ഇസ്‌ലാം സ്വീകരിച്ചു. നബി(സ്വ) അവരെ മോചനമൂല്യം നൽകി മോചിപ്പിക്കുകയും ചെയ്തു. മോചനമൂല്യം മഹ്‌റ് കൂടി ആയിരുന്നു. അങ്ങനെ അവരെ നബി(സ്വ) വിവാഹം ചെയ്യുകയും ചെയ്തു.

ഖയ്ബർ മുസ്‌ലിംകൾ കീഴടക്കി എന്ന വാർത്ത ഖയ്ബറിന്റെ പരിസര പ്രദേശങ്ങളിൽ എത്തി. ഖയ്ബറിന്റെ അടുത്ത പ്രദേശങ്ങളായ ഫദക്, തയ്മാഅ്, വാദിഅൽക്വുറാ എന്നീ ജൂതപ്രദേശങ്ങളും നബി(സ്വ)ക്ക് കീഴടങ്ങി.

ഹുദയ്ബിയ സന്ധി കഴിഞ്ഞ് ഒരു വർഷം തികയും മുമ്പേ തന്നെ ഇസ്‌ലാമിലേക്ക് പല ഭാഗങ്ങളിൽ നിന്നായി ധാരാളം പേർ വരാൻ തുടങ്ങി. നബി(സ്വ)യുടെ കാലത്തുതന്നെ ഈ വലിയ വളർച്ചക്ക് ഹുദയ്ബിയ സന്ധി വലിയ പങ്കാണ് വഹിച്ചിട്ടുള്ളത് എന്ന് നമുക്ക് ഇതിലൂടെയെല്ലാം മനസ്സിലാക്കാൻ സാധിക്കും. ഈ യുദ്ധത്തിൽ നിന്ന് നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്.

അബൂഹുറയ്‌റ(റ) പറഞ്ഞു: ''ഞങ്ങൾ ഖയ്ബറിൽ പങ്കെടുത്തു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) തന്റെ കൂടെ ഉണ്ടായിരുന്നവരിൽപെട്ട, ഇസ്‌ലാം സ്വീകരിച്ചതായി വാദിച്ചിരുന്ന ഒരാളോട് പറഞ്ഞു: 'ഇവൻ നരകക്കാരിൽ പെട്ടവനാണ്.' അങ്ങനെ യുദ്ധം നടക്കവെ അയാൾ ധാരാളം മുറിവുകൾ ഏൽക്കുന്നതുവരെ ശക്തമായി പോരാടി. (അന്നേരം ഇയാളെപ്പറ്റി നബി(സ്വ) നരകക്കാരനാണെന്ന് പറഞ്ഞതിൽ) ചിലർക്കെല്ലാം സംശയം ഉണ്ടാകാറായി. കഠിനമായ വേദനയനുഭവപ്പെട്ടപ്പോൾ അയാൾ തന്റെ അമ്പുറയിൽനിന്നും അമ്പെടുക്കുകയും എന്നിട്ട് അയാൾ തന്റെ ശരീരം അതു മുഖേന അറുത്തുകളയുകയും ചെയ്തു. (ആത്മഹത്യ ചെയ്തു). അപ്പോൾ മുസ്‌ലിംകൾ (നബി (സ്വ) യുടെ അടുത്തേക്ക്) ഓടി. എന്നിട്ട് അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ സംസാരത്തെ അല്ലാഹു സത്യപ്പെടുത്തിയിരിക്കുന്നു. അയാൾ സ്വയം അറുത്ത് മരണം വരിച്ചിരിക്കുന്നു.' അപ്പോൾ അവിടുന്ന് (ഒരാളോട്) പറഞ്ഞു: ''ഏയ്, എഴുന്നേൽക്കൂ. എന്നിട്ട് വിളിച്ചു പറയൂ: തീർച്ചയായും വിശ്വാസിയല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹു മതത്തിന് അധർമകാരിയായ ആളെക്കൊണ്ട് ശക്തി നൽകുകയും ചെയ്യുന്നതാണ്'' (സീറതുന്നബവിയ്യ, ഇബ്‌നുകഥീർ).

അല്ലാഹുവിനെ അറിയുകയും അവന്റെ ദീൻ അനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന നാം എപ്പോഴും അല്ലാഹുവിനോട് ദീനിൽ ഉറപ്പിച്ച് നിർത്താൻ വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കണം. ശരിയായ രൂപത്തിൽ ജീവിക്കുന്ന ഒരാൾ അവസാനംവരെ അപ്രകാരം ആയിക്കൊള്ളണം എന്നില്ല. അതിന് ഒരു ഉദാഹരണമാണ് ഈ സംഭവം.

**മുഅ്ത യുദ്ധം**

അറേബ്യൻ ഉപദ്വീപിനെ ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് രക്ഷപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ റോമൻ സൈന്യവുമായി സഖ്യത്തിലുള്ളവരുമായി ശാമിലെ മുഅ്ത എന്ന സ്ഥലത്ത് വെച്ച് നടന്ന പോരാട്ടമാണ് മുഅ്ത യുദ്ധം എന്ന പേരിൽ അറിയപ്പെടുന്നത്.

> **അറേബ്യൻ ഉപദ്വീപിനെ ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് രക്ഷപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ റോമൻ സൈന്യവുമായി സഖ്യത്തിലുള്ളവരുമായി ശാമിലെ മുഅ്ത എന്ന സ്ഥലത്ത് വെച്ച് നടന്ന പോരാട്ടമാണ് മുഅ്ത യുദ്ധം എന്ന പേരിൽ അറിയപ്പെടുന്നത്. മൂവായിരത്തോളം വരുന്ന ഭടന്മാരെയാണ് നബി(സ്വ) അതിനായി തയ്യാറാക്കിയത്. ഈ യുദ്ധത്തിൽ നബി(സ്വ) പങ്കെടുത്തിട്ടില്ല. ഹിജ്റ എട്ടാം വർഷം ജമാദുൽ അവ്വലിൽ ആയിരുന്നു ഈ പുറപ്പാട്. സേനാനായകനായി നബി(സ്വ) സയ്ദ് ഇബ്‌നു ഹാരിഥി(റ)നെ ആയിരുന്നു തിരഞ്ഞെടുത്തിരുന്നത്.**

മൂവായിരത്തോളം വരുന്ന ഭടന്മാരെയാണ് നബി(സ്വ) അതിനായി തയ്യാറാക്കിയത്. ഈ യുദ്ധത്തിൽ നബി(സ്വ) പങ്കെടുത്തിട്ടില്ല. ഹിജ്റ എട്ടാം വർഷം ജമാദുൽ അവ്വലിൽ ആയിരുന്നു ഈ പുറപ്പാട്. സേനാ നായകനായി നബി(സ്വ) സയ്ദ് ഇബ്നു ഹാരിഥി(റ)നെ ആയിരുന്നു തിരഞ്ഞെടുത്തിരുന്നത്.

മറ്റു യുദ്ധങ്ങളിൽനിന്നും വിഭിന്നമായ ചില കാര്യങ്ങൾ മുഅ്ത യുദ്ധത്തിൽ നമുക്ക് കാണാൻ സാധിക്കും. അതായത്, യുദ്ധനായകനായി ഒരാളെയല്ല നബി(സ്വ) ഏൽപിച്ചത്. ഇന്നയാൾക്ക് ശേഷം ഇന്നയാൾ, അയാൾക്ക് ശേഷം ഇന്നയാൾ എന്ന രൂപത്തിൽ ചില ആളുകളെ സേനാനായകത്വം ഏൽപിച്ചു. ഇത് ഈ യുദ്ധത്തിന്റെ മാത്രം പ്രത്യേകതയാണ്. പ്രഥമമായ സ്ഥാനം സയ്ദി(റ)നെ നബി(സ്വ) ഏൽപിച്ചു.

ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''മുഅ്ത യുദ്ധത്തിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) സയ്ദ് ഇബ്നു ഹാരിഥി(റ)നെ അമീറായി നിശ്ചയിച്ചു. എന്നിട്ട് അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: സയ്ദ് കൊല്ലപ്പെടുകയാണെങ്കിൽ ജഅ്ഫറും ജഅ്ഫർ കൊല്ലപ്പെടുകയാണെങ്കിൽ അബ്ദുല്ലാഹ് ഇബ്നു റവാഹയും (ആണ് അമീർ)'' (ബുഖാരി).''

ഈ യുദ്ധത്തിലൂടെ മുസ്ലിംകൾക്ക് ചില അപകടങ്ങൾ വരാനിരിക്കുന്നു എന്ന് അറിയിക്കുന്ന നടപടിയായിരുന്നു ഇത്. അല്ലാഹുവിൽനിന്നുള്ള സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നബി(സ്വ) ഈ തീരുമാനങ്ങൾ എടുക്കുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

സൈന്യം മുഅ്തയിൽ എത്തി. മുസ്ലിം സേനക്ക് പ്രതീക്ഷിക്കാത്തത്ര വലിയ സംഘത്തെയാണ് മറുഭാഗത്ത് കാണേണ്ടിവന്നത്. ഒരു ലക്ഷത്തോളം വരുന്ന സൈന്യമായിരുന്നു അവർ. ശത്രുസേനയെ കണ്ടപാടെ മുസ്ലിംകളുടെ മനസ്സിൽ അങ്കലാപ്പും വെപ്രാളവുമായി. ഇനി എന്തു ചെയ്യണം? ആശങ്കയിലായി അവർ. അവർ കൂടിയാലോചന നടത്തി. മദീനയിൽനിന്നും കൂടുതൽപേരെ അയക്കുന്നതിന് വേണ്ടി നബി(സ്വ)ക്ക് ഒരു കത്ത് എഴുതിയാലോ, അതല്ല, നമ്മൾ ഉള്ളവർതന്നെ അവരുമായി പോരാടണമോ എന്നെല്ലാം അവർ ചിന്തിച്ചു.

ഈ സമയത്ത് മുസ്ലിംകൾക്ക് ആവേശവും ധൈര്യവും സമ്മാനിക്കുന്ന വിധത്തിൽ അബ്ദുല്ലാഹ് ഇബ്നു റവാഹ(റ) എഴുന്നേറ്റു നിന്ന് സംസാരിച്ചു:

''അബ്ദുല്ലാഹ് ഇബ്നു റവാഹ(റ) ജനങ്ങൾക്ക് ധൈര്യം നൽകി (ഇപ്രകാരം) പറയുകയും ചെയ്തു: 'ഓ, സമൂഹമേ, അല്ലാഹുവാണെ സത്യം! നിങ്ങൾ (മരണത്തെ) അനിഷ്ടകരമായി കാണുന്നു. നിങ്ങൾ രക്തസാക്ഷിത്വം തേടിയാണ് പുറപ്പെട്ടിരിക്കുന്നത്. നാം ജനങ്ങളോട് എണ്ണം കൊണ്ടോ ശക്തികൊണ്ടോ ധാരാളം (ആയുധോപകരണങ്ങൾ) കൊണ്ടോ അല്ല പോരാടുന്നത്. നാം അവരോട് പോരാടുന്നത് അല്ലാഹു നമ്മെ ആദരിച്ചിട്ടുള്ള ഈ ദീൻകൊണ്ടാണ്. അതിനാൽ നിങ്ങൾ പോകുവിൻ. നിശ്ചയമായും രണ്ടാൽ ഒരു നന്മ ഉണ്ടായിരിക്കും. ഒന്നുകിൽ വിജയം, ഒന്നുകിൽ രക്തസാക്ഷിത്വം'' (സീറതു ഇബ്നു ഹിശാം).

അബ്ദുല്ലാഹ് ഇബ്നു റവാഹ(റ)യുടെ ഈ സംസാരം സ്വഹാബിമാർക്ക് ആവേശവും ധൈര്യവും പകർന്നു. എല്ലാവരും അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചു. പോരാട്ടത്തിന് സജ്ജരായി. യുദ്ധം ആരംഭിച്ചു. ശക്തമായ പോരാട്ടം നടന്നു. നബി(സ്വ) നേരത്തെ അറിയിച്ചത് പ്രകാരം തന്നെ ഓരോരുത്തരായി രക്തസാക്ഷികളായി. പ്രഥമ നായകനായ സയ്ദ്(റ) ശക്തമായി ശത്രുക്കളോട് പോരാടി. വലിയ പരിക്കുകൾ പറ്റി. മുന്നണിപ്പോരാളിയായ അദ്ദേഹം രക്തസാക്ഷിയായി.

നബി(സ്വ)ക്ക് വിഷം നൽകിയ സ്ത്രീ നബി(സ്വ)ക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗത്ത് കൂടുതൽ വിഷം ചേർത്തു. മറ്റുള്ള ഭാഗങ്ങളിലും വിഷം പുരട്ടിയിരുന്നു. വിഷം പുരട്ടി പാചകം ചെയ്തിട്ടുള്ള ആടിനെ നബി(സ്വ)യുടെ മുന്നിൽ അവൾ വെച്ചു. നബി(സ്വ) അതിൽനിന്നും ഒരു കഷ്ണം എടുത്തു. അവിടുന്ന് കഴിച്ചു തുടങ്ങിയിരുന്നില്ല. കൂടെ ഉണ്ടായിരുന്ന ബിഷ്റ്(റ) കഴിക്കുകയും ചെയ്തു. നബി(സ്വ) അത് വായിലേക്ക് വെച്ച സമയത്ത് പറഞ്ഞു: 'ഇത് വിഷം ചേർത്തതാണെന്ന് ഈ എല്ല് എന്നോട് പറഞ്ഞിരിക്കുന്നു. 'നബി(സ്വ) ഇറച്ചിക്കഷ്ണം വായിലേക്ക് വെച്ച് അൽപം ഉമിനീർ ഇറക്കിയിരുന്നു. എന്നാൽ ബിഷ്ർ റ) നന്നായി അത് ഇറക്കുകയും ചെയ്തു. അതിനാൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു.

ഈ യുദ്ധം നടക്കുന്ന സമയത്ത് അല്ലാഹു വഹ്‌യിലൂടെ അറിയിക്കുന്നതുപ്രകാരം നബി(സ്വ) മദീനയിലുള്ള സ്വഹാബിമാർക്ക് യുദ്ധരംഗത്തെ സംഭവങ്ങൾ വിവരിച്ചുകൊടുക്കുന്നുണ്ടായിരുന്നു.

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''നബി(സ്വ) പ്രസംഗത്തിലായി (ഇപ്രകാരം) പറഞ്ഞു: 'സയ്ദ് പതാകയെടുക്കുകയും അദ്ദേഹത്തിന് ആപത്ത് സംഭവിക്കുകയും ചെയ്തിരിക്കുന്നു. പിന്നീട് ജഅ്ഫർ അത് എടുക്കുകയും അദ്ദേഹത്തിന് ആപത്ത് സംഭവിക്കുകയും ചെയ്തിരിക്കുന്നു. പിന്നീട് അബ്ദുല്ലാഹ് ഇബ്‌നു റവാഹ അത് എടുക്കുകയും അദ്ദേഹത്തിനും ആപത്ത് സംഭവിക്കുകയും ചെയ്തിരിക്കുന്നു. പിന്നീട് ഖാലിദ് ഇബ്‌നുൽവലീദ് അത് എടുത്തു. നേതൃത്വം ഇല്ലാതെ തന്നെ അദ്ദേഹം വിജയിക്കുകയും ചെയ്തിരിക്കുന്നു.' (ശേഷം) അവിടുന്ന് പറഞ്ഞു: 'അവർ നമ്മുടെ അടുക്കൽ ഉണ്ടാകുന്നത് നമ്മെ സന്തോഷിപ്പിക്കുന്നില്ല.' (റിപ്പോർട്ടറായ) അയ്യൂബ്(റ) പറഞ്ഞു: അല്ലെങ്കിൽ അവിടുന്ന് പറഞ്ഞു: 'അവർ നമ്മുടെ അടുക്കൽ ഉണ്ടാകുന്നത് അവരെ സന്തോഷിപ്പിക്കുന്നില്ല.' ആ സമയത്ത് അവിടുത്തെ ഇരുകണ്ണുകളും നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു'' (ബുഖാരി).

സയ്ദ്(റ) ശക്തമായ പോരാട്ടം നടത്തിയെങ്കിലും വധിക്കപ്പെട്ടു. പിന്നീട് പതാക ചുമക്കേണ്ടത് ജഅ്ഫർ(റ) ആയിരുന്നു. ധീരനായി അദ്ദേഹം അത് ഏറ്റടുത്തു. വലത് കൈകൊണ്ട് പതാക പിടിക്കുന്നു. ഇടതു കൈകൊണ്ട് പോരാടുന്നു. ശത്രുക്കൾ അദ്ദേഹത്തിന്റെ വലതുകൈ വെട്ടി. പതാക ഇടതുകൈയിൽ എടുത്തു. അതും അവർ വെട്ടി. എന്നിട്ടും പതാക വിട്ടില്ല. തന്റെ കക്ഷം കൊണ്ട് അത് ഇറുക്കിപ്പിടിച്ചു. അങ്ങനെ അവസാന ശ്വാസംവരെ അദ്ദേഹം പോരാടി രക്തസാക്ഷിയാകുകയും ചെയ്തു. അദ്ദേഹത്തിന്റെ ശരീരത്തിൽ ധാരാളം മുറിവുകൾ ഏറ്റിരുന്നു. ഇബ്‌നു ഉമർ(റ) അദ്ദേഹത്തിന്റെ ശരീരം കാണുന്ന രംഗം നമുക്ക് ഇപ്രകാരം വിവരിച്ചുതരുന്നു:

''ആ യുദ്ധത്തിൽ അവരിൽ ഞാനും ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ ജഅ്ഫർ ഇബ്‌നു അബീത്വാലിബിനെ പരതി നോക്കി. അപ്പോൾ ഞങ്ങൾ അദ്ദേഹത്തെ വധിക്കപ്പെട്ടവരിൽ കാണുകയുണ്ടായി. ആ സമയത്ത് അദ്ദേഹത്തിന്റെ ശരീരത്തിൽ ഞങ്ങൾ തൊണ്ണൂറിൽപരം വെട്ടുകളും കുത്തുകളും കാണുകയുണ്ടായി'' (ബുഖാരി).

ജഅ്ഫറി(റ)ന്റെ വിയോഗത്തിൽ കുടുംബം ഏറെ ദുഃഖിതരായി. കരയുന്ന അവരെ നബി(സ്വ) ഉപദേശിച്ചു, ആശ്വസിപ്പിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരാൾ നബി(സ്വ)യോട് ആ കുടുംബത്തിന്റെ അവസ്ഥ അറിയിച്ചപ്പോൾ അവരോട് ക്ഷമിക്കുവാൻ ഉപദേശിച്ചു. അതോടൊപ്പം ആ കുടുംബത്തിന് ഭക്ഷണം എത്തിക്കുവാനും അവിടുന്ന് കൽപിച്ചു. ജഅ്ഫർ(റ) അടക്കമുള്ള സ്വഹാബിമാരുടെ വിയോഗത്തിൽ നബി(സ്വ)ക്കും വലിയ വിഷമം ഉണ്ടായിരുന്നു. അത് മാനുഷികമാണ്. വേണ്ടപ്പെട്ടവരും പ്രിയപ്പെട്ടവരും മരണപ്പെടുമ്പോൾ കരയുക സ്വാഭാവികമാണ്. എന്നാൽ അത് അട്ടഹാസമോ നിലവിളിയോ ആയിക്കൂടാ. അതുകൊണ്ട് തന്നെ ജഅ്ഫറിന്റെ കുടുംബം അമിതമായി കരയുന്നതിൽ നബി(സ്വ) അവരെ ശാസിച്ചതായി കാണാം. അവർക്ക് രക്തസാക്ഷിത്വത്തിന്റെ പ്രതിഫലം ലഭിക്കും. അതുകൊണ്ടാണ് 'അവർ നമ്മുടെ അടുക്കൽ ഉണ്ടാകുന്നത് അവരെ സന്തോഷിപ്പിക്കുന്നില്ല' എന്ന് നബി(സ്വ) പറഞ്ഞത്. യുദ്ധത്തിൽ ഇരു കരങ്ങളും വെട്ടിമാറ്റപ്പെട്ട ജഅ്ഫറി(റ)നെ നബി(സ്വ) വിശേഷിപ്പിച്ചത് 'രണ്ട് ചിറകുള്ളയാൾ' എന്നാണ്.

യുദ്ധത്തിന്റെ അമീറുമാരായി നബി(സ്വ) നിശ്ചയിച്ച മൂന്നുപേരും വധിക്കപ്പെട്ട ഘട്ടത്തിൽ ഖാലിദ് ഇബ്‌നുൽ വലീദ്(റ) പതാക ഏറ്റെടുത്തു.

**മുഅ്ത യുദ്ധത്തിൽനിന്ന് പിന്തിരിയലാണ് ബുദ്ധി എന്ന് മനസ്സിലാക്കിയ ഖാലിദ്(റ) ഒരു തന്ത്രം പ്രയോഗിക്കാൻ തീരുമാനിച്ചു. മുസ്‌ലിം സേനക്ക് ഒരു പുനഃക്രമീകരണം ഏർപ്പെടുത്തി. അതോടെ മുൻനിരയിൽ പുതുമുഖങ്ങളായി. അപ്പോൾ മദീനയിൽനിന്ന് പുതിയ സൈന്യം വരുന്നുണ്ടെന്ന് റോമക്കാർ വിചാരിച്ചു. പിന്നിൽ നിൽക്കുന്ന സൈനികരോട് പൊടിപടലങ്ങൾ ഇളക്കിവിടാനായി ഖാലിദ്(റ) കൽപിച്ചു. സൈന്യത്തിന്റെ പിന്നിൽനിന്ന് പൊടിപടലങ്ങൾ ഉയരാൻ തുടങ്ങി. മദീനയിൽനിന്ന് മുസ്‌ലിംകൾക്ക് സഹായ സൈന്യം ഒഴുകിവരികയാണെന്ന് റോമക്കാർ ഊഹിച്ചു. ഈ പൊടിപടലങ്ങൾക്കിടയിലൂടെ മുസ്‌ലിം സൈന്യം സമർഥമായി പിൻവാങ്ങി. ശത്രുക്കളെ ഭയം പിടികൂടുകയും ചെയ്തു. പിന്തുടർന്ന് അക്രമിക്കാതെ അവരും പിന്തിരിഞ്ഞു.**



പ്രതിസന്ധിഘട്ടമാണ്, കൂടിയാലോചിച്ച് നേതാവിനെ തിരഞ്ഞെടുക്കപ്പെടാൻ നേരമില്ല. അദ്ദേഹം അവസരത്തിനൊത്ത് ഉയരുകയായിരുന്നു.

'അല്ലാഹുവിന്റെ വാളുകളിൽപ്പെട്ട ഒരു വാൾ' എന്ന് നബി(സ്വ) വിശേഷിപ്പിച്ചിട്ടുള്ള ഖാലിദ്(റ) ഏറ്റവും നല്ല യുദ്ധതന്ത്രജ്ഞനായിരുന്നു. അദ്ദേഹം ശക്തമായ പോരാട്ടം നടത്തി. ആ യുദ്ധത്തിൽ ഒമ്പത് വാളുകൾ ഖാലിദി(റ)ന്റെ കൈയിൽനിന്ന് മുറിഞ്ഞുപോയിട്ടുണ്ടെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

ശക്തമായ പോരാട്ടം നടന്നിട്ടും ശത്രുക്കളുടെ വൻസൈന്യത്തെ തുരത്തിയോടിക്കുക പ്രയാസകരമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ മനസ്സിൽ ഒരു തന്ത്രം ഇട്ടുകൊടുത്തു. റോമക്കാരുമായുള്ള മുസ്‌ലിംകളുടെ ആദ്യ പോരാട്ടമാണ്. അവരുടെ ശക്തിയും കഴിവും മുസ്‌ലിംകൾക്ക് മുൻപരിചയമില്ലായിരുന്നു. ഖാലിദ്(റ) മുൻനിരയിൽ എത്തിയപ്പോൾ റോമൻ സേനയുടെ ശക്തിയും തന്ത്രങ്ങളും മനസ്സിലാക്കി. യുദ്ധത്തിൽനിന്ന് പിന്തിരിയലാണ് ബുദ്ധി എന്ന് മനസ്സിലാക്കിയ ഖാലിദ്(റ) ഒരു തന്ത്രം പ്രയോഗിക്കാൻ തീരുമാനിച്ചു. മുസ്‌ലിം സേനക്ക് ഒരു പുനഃക്രമീകരണം ഏർപ്പെടുത്തി. അതോടെ മുൻനിരയിൽ പുതുമുഖങ്ങളായി. അപ്പോൾ മദീനയിൽനിന്ന് പുതിയ സൈന്യം വരുന്നുണ്ടെന്ന് റോമക്കാർ വിചാരിച്ചു. പിന്നിൽ നിൽക്കുന്ന സൈനികരോട് പൊടിപടലങ്ങൾ ഇളക്കിവിടാനായി ഖാലിദ്(റ) കൽപിച്ചു. സൈന്യത്തിന്റെ പിന്നിൽനിന്ന് പൊടിപടലങ്ങൾ ഉയരാൻ തുടങ്ങി. മദീനയിൽനിന്ന് മുസ്‌ലിംകൾക്ക് സഹായ സൈന്യം ഒഴുകിവരികയാണെന്ന് റോമക്കാർ ഊഹിച്ചു. ഈ പൊടിപടലങ്ങൾക്കിടയിലൂടെ മുസ്‌ലിം സൈന്യം സമർഥമായി പിൻവാങ്ങി. ശത്രുക്കളെ ഭയം പിടികൂടുകയും ചെയ്തു. പിന്തുടർന്ന് അക്രമിക്കാതെ അവരും പിന്തിരിഞ്ഞു. മൂന്ന് സേനാനായകന്മാരടക്കം പന്ത്രണ്ട് പേർ ഈ യുദ്ധത്തിൽ രക്തസാക്ഷികളായി.

(അടുത്ത ലക്കത്തിൽ: മക്കാവിജയം).



# നോമോഫോബിയ

ഡോ. സഫീറുദ്ദീൻ നഗരൂർ (സൈക്കോളജിസ്റ്റ്)
: 96336 95610

ഇന്നത്തെ മനുഷ്യരിലധികവും 'നോമോഫോബിക്' ആണ്. വ്യക്തി, കുടുംബ, സാമൂഹ്യ ജീവിതങ്ങൾ താളംതെറ്റിയിട്ടും അതിന്റെ യഥാർഥ കാരണങ്ങൾ തിരിച്ചറിയാതെ കൗൺസിലിങ് സെന്ററുകളിലും മാനസികരോഗാശുപത്രികളിലും ക്യൂ നിൽക്കുകയാണ് അധികപേരും. മദ്യം, മയക്കുമരുന്ന് പോലെ മറ്റൊരു ലഹരിക്ക് അടിമപ്പെട്ടവരാണ് നോമോഫോബിക്. ആരാണവർ?

വ്യക്തി, സാമൂഹ്യ ബന്ധങ്ങൾ, ജോലി, മറ്റു ഉത്തരവാദിത്തങ്ങൾ എന്നിവയെക്കാൾ സമയവും പ്രാധാന്യവും സ്മാർട്ഫോൺ ഉപയോഗത്തിന് ഒരാൾ നൽകുന്നുവെങ്കിൽ അതിനർഥം അയാളെ സ്മാർട്ഫോൺ അഡിക്ഷൻ ബാധിച്ചിട്ടുണ്ട് എന്നാണ്. അത്തരം അഡിക്ഷൻ 'നോമോഫോബിയ' (Nomophobia) എന്ന് അറിയപ്പെടുന്നു. അതായത് മൊബൈൽഫോൺ തന്നോടൊപ്പം ഇല്ലാത്തതിനെ ഭയപ്പെടുന്ന അവസ്ഥ.

നേർക്കുനേരെയുള്ള ബന്ധങ്ങളെക്കാൾ ഓൺലൈൻ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നത് ഒരുതരം രോഗാവസ്ഥയാണ്. നേരമ്പോക്കിനോ വിനോദത്തിനോ വേണ്ടി ഒരു റെസ്റ്റോറന്റിൽ ഒരുമിച്ചു ഭക്ഷണം കഴിക്കാനിരിക്കുന്ന ദമ്പതികൾപോലും പരസ്പരവും പരിസരവും മറന്നു മൊബൈലിൽ കണ്ണും നട്ടിരിക്കുന്നത് പതിവുകാഴ്ചയാണ്. പുതിയ ബന്ധങ്ങൾ സൃഷ്ടിക്കാനും പഴയ ബന്ധങ്ങൾ വിളക്കിച്ചേർക്കാനും കാൽപനികതയിൽ അധിഷ്ഠിതമായ പരലിംഗ ബന്ധങ്ങൾ രൂപപ്പെടുത്താനും ഇന്ന് സ്മാർട്ഫോൺ സഹായകമാണ്. ദീർഘകാല ബന്ധങ്ങളെക്കാൾ ഹ്രസ്വകാല ബന്ധങ്ങൾ ഇഷ്ടപ്പെടുന്ന നോമോഫോബിക്കുകൾ ഡിസ്പോസിബിൾ സംസ്കാരമാണ് നടപ്പിലാക്കുന്നത്.

വൈവിധ്യമാർന്ന വിജ്ഞാനത്തിന്റെ ലോകത്തിൽ സ്മാർട്ട് ഫോണിലൂടെ/ഇന്റർനെറ്റിലൂടെ മുഴുകുന്നവർക്ക് അതിലൂടെ ലഭിക്കുന്ന അറിവുകൾ പ്രത്യുൽപാദനപരമായി ഉപയോഗിക്കാൻ നേരം ലഭിക്കാറില്ല. പഠനസമയവും ജോലിസമയവും ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയാതെ ഇന്റർനെറ്റിന്റെ മാത്രം ലോകത്തിൽ ഒറ്റപ്പെട്ട്, ഉൽപാദനക്ഷമത (Productivtiy) നഷ്ടപ്പെട്ടവരായി ഇക്കൂട്ടർ മാറുന്നു. കൂടാതെ യാഥാർഥ്യലോകത്തെയും അതിലെ ബന്ധങ്ങളെയും അവഗണിക്കുകയും ചെയ്യുന്നു. സൈബർസെക്സിൽ ഒരിക്കലെങ്കിലും വിരൽ അമർത്താത്തവർ എത്ര പേരുണ്ട്? ആഴമുള്ള ആ ലോകത്തിലേക്കിറങ്ങി കരകയറാൻ പറ്റാത്തവർ യഥാർഥ ലൈംഗികതയോടു വെറുപ്പുള്ളവരായി, വൈകാരികാരോഗ്യം നഷ്ടപ്പെട്ട് കുടുംബജീവിതത്തിൽ പരാജയപ്പെടുന്ന നിരവധി അനുഭവങ്ങൾ ഇന്നുണ്ട്.

സൈബർ സെക്സ് അഡിക്ഷൻ യഥാർഥത്തിൽ റിയൽ സെക്സ് അഡിക്ഷന്റെ (Real Sex Addiction) മറ്റൊരു പതിപ്പാണ്. ഇതിനു നമ്മുടെ സ്മാർട്ട് ഫോണുകൾ നമുക്ക് എല്ലാ സൗകര്യവും ചെയ്തുതരികയും ആവശ്യമായ സ്വകാര്യത നൽകുകയും ചെയ്യുന്നു. യഥാർഥ സെക്സ് അഡിക്ഷനിൽ നിന്നും സുരക്ഷിതമായൊരു അഡിക്ഷൻ തലമാണ് സ്മാർട് ഫോണുകൾ നൽകുന്നത്. സമൂഹത്തിൽ തനിക്കുള്ള മാന്യത, അംഗീകാരം, ആഭിജാത്യം എന്നിവയ്ക്ക് ഒട്ടും പരിക്കേൽക്കാതെ കൊണ്ടുനടക്കാവുന്ന ഒരിനമായതിനാൽ പലരും അത് ഇഷ്ടപ്പെടുന്നുണ്ട്. ഇന്ന് ദാമ്പത്യബന്ധങ്ങൾ തകരുന്നതിന്റെ വിവിധ കാരണങ്ങളിൽ പെട്ട ഒരു പ്രധാനകാരണം ഇതാണ്.


ഓൺലൈൻ ഗെയിമുകൾ, ബിസിനസ്സുകൾ, സ്റ്റോക്ക് വിൽപന, ഓൺലൈൻ ഷോപ്പിംഗ്, ഓൺലൈൻ ലേലം തുടങ്ങിയവ തൊഴിൽ, സാമ്പത്തിക സംബന്ധിയായ പ്രശ്നങ്ങൾ സമൂഹത്തിൽ ധാരാളമായി സൃഷ്ടിക്കുന്നു. ഓൺലൈൻ ഷോപ്പിംഗുകൾ കോവിഡാനന്തരം ശക്തിപ്രാപിച്ചിട്ടുണ്ട്. തനിക്ക് അത്യാവശ്യമല്ലാത്ത സാധനങ്ങൾ ആകർഷകമായ രീതിയിൽ, തന്റെ മുൻപിൽ വിൽപനയ്ക്ക് വെക്കുമ്പോൾ വിലക്കുറവുണ്ട് എന്നതുകൊണ്ട് മാത്രം വാങ്ങേണ്ടിവരുന്നത് തന്റെ സാമ്പത്തികാസൂത്രണമില്ലായ്മയുടെ ഉദാഹരണമാണ്. ആർഭാടം, ധൂർത്ത്, സാമ്പത്തികനഷ്ടം മുതലായവ നാം അറിയാതെ നമ്മിലേക്ക് കടന്നുവരുന്നു.

ലാപ്ടോപ്പ്, സ്മാർട്ഫോൺ, ടാബ് മുതലായവയോടു നാമുണ്ടാക്കിയ വൈകാരികബന്ധം വളരെ തീവ്രമാണ്. ഇവ എപ്പോഴും നമ്മുടെ കയ്യെത്തും ദൂരത്തു തന്നെയുണ്ടാകും. മദ്യം, മയക്കുമരുന്ന്, മറ്റു ലഹരിവസ്തുക്കൾ എന്നിവ തലച്ചോറിൽ Dopamine എന്ന രാസവസ്തു ഉത്പാദിപ്പിച്ച ഒരാളുടെ മാനസികാവസ്ഥ പോലെയാണ് നമ്മുടെ കൺമുന്നിലുള്ള ഡിജിറ്റൽ ഉപകരണങ്ങൾ നമ്മിൽ സൃഷ്ടിക്കുന്ന വൈകാരിക തലം. ഏകാന്തത, ഉത്കണ്ഠ, ഡിപ്രഷൻ, മാനസിക സംഘർഷം, മറ്റുള്ളവരോട് വെറുപ്പ് (പ്രത്യേകിച്ച് ഇണകളോട്), അകൽച്ച മുതലായവയാണ് പ്രസ്തുത ഉപകരണങ്ങൾ സമ്മാനിക്കുന്നത്. സോഷ്യൽമീഡിയ എത്രത്തോളം ഉപയോഗിക്കുമോ അത്രത്തോളം ഏകാന്തതയും ഡിപ്രഷനും ഒരാളിൽ ഉണ്ടാകുന്നു എന്നാണ് ലോകാരോഗ്യ സംഘടനയുടെ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

**നേർക്കുനേരെയുള്ള ബന്ധങ്ങളെക്കാൾ ഓൺലൈൻ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നത് ഒരുതരം രോഗാവസ്ഥയാണ്. നേരമ്പോക്കിനോ വിനോദത്തിനോ വേണ്ടി ഒരു റെസ്റ്റോറന്റിൽ ഒരുമിച്ചു ഭക്ഷണം കഴിക്കാനിരിക്കുന്ന ദമ്പതികൾപോലും പരസ്പരവും പരിസരവും മറന്നു മൊബൈലിൽ കണ്ണും നട്ടിരിക്കുന്നത് പതിവു കാഴ്ചയാണ്. പുതിയ ബന്ധങ്ങൾ സൃഷ്ടിക്കാനും പഴയ ബന്ധങ്ങൾ വിളക്കിച്ചേർക്കാനും കാൽപനികതയിൽ അധിഷ്ഠിതമായ പരലിംഗ ബന്ധങ്ങൾ രൂപപ്പെടുത്താനും ഇന്ന് സ്മാർട്ഫോൺ സഹായകമാണ്. ദീർഘകാല ബന്ധങ്ങളെക്കാൾ ഹ്രസ്വകാല ബന്ധങ്ങൾ ഇഷ്ടപ്പെടുന്ന നോമോഫോബിക്കുകൾ ഡിസ്പോസിബിൾ സംസ്കാരമാണ് നടപ്പിലാക്കുന്നത്.**

എപ്പോഴും ഓൺലൈനിൽ കണക്ടഡ് ആയിരുന്നാൽ നാം ഷണ്ഡീകരിക്കപ്പെടും. ചിന്തിക്കാനും ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കുമുള്ള സമയം ഇല്ലാതാകും. ഓർമ നഷ്ടപ്പെട്ട്, ഉറക്കം കുറഞ്ഞ്, മാനസികാരോഗ്യം തകർന്ന്, വൈജ്ഞാനികശേഷി നഷ്ടപ്പെട്ട്, പഠനത്തോടുള്ള താൽപര്യം കുറഞ്ഞ് ഒരു ജീവച്ഛവമാകാൻ ഡിജിറ്റൽ ഉപകരണങ്ങൾ നമ്മെ നിർബന്ധിതരാക്കുന്നുവെങ്കിൽ നാം നമ്മെ തന്നെ നശിപ്പിക്കുകയല്ലേ?

‘നിങ്ങളുടെ കൈകൾ നിങ്ങൾ നാശത്തിലേക്കിടരുത്’ (2:195) എന്ന വിശുദ്ധ ക്വുർആനിന്റെ കൽപന എപ്പോഴും നമ്മുടെ ബോധതലത്തിലുണ്ടാകണം. ■



# വിധിയൊഴുകും വഴി

ഇബ്ന അലി, എടത്തനാട്ടുകര
:9446151577

രണ്ടുമാസം പ്രായമുള്ളപ്പോഴാണ് അവൾക്ക് പിതാവിനെ നഷ്ടപ്പെട്ടത്. കത്തിക്കുത്തേറ്റായിരുന്നു മരണം. പിതാവിൻെറ ബന്ധുവും നാട്ടിലെ പ്രമാണിയും തമ്മിൽ കശപിശയുണ്ടായപ്പോൾ പ്രശ്നം തീർക്കാൻ ഇടപെട്ടതാണ്. വഴക്കിനിടയിൽ പ്രമാണി കത്തി വീശി. കൊണ്ടത് പിതാവിനും. ദൂരെയുള്ള മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകും വഴി മരണപ്പെട്ടു. രണ്ടുമണിക്കൂർ നീണ്ട ഒരു കാർ യാത്രയിൽ പീസ് റേഡിയോയിലെ ഒരു സുഹൃത്താണ് ഈ കഥ പറഞ്ഞത്. എൻെറ 'കാഴ്ച' കുറിപ്പുകൾ വായിക്കാറുള്ളതാവാം എന്നോട് ഇത് പങ്കുവയ്ക്കാൻ കാരണം.

പിന്നീട് തന്നെക്കാൾ മൂന്നുവയസ്സിന് മൂത്ത ഒരു സഹോദരിയും അവളും മാതാവും ജീവിതം തള്ളിനീക്കി. അവളും സഹോദരിയും അനാഥശാലയിൽ താമസിച്ചു പഠിച്ചു. പത്താം ക്ലാസ്സ് പാസ്സായി. വിധി അവളെ വീണ്ടും വീണ്ടും പരീക്ഷിച്ചു കൊണ്ടേയിരുന്നു. ഡിഗ്രിക്ക് പഠിക്കുമ്പോൾ മൂത്ത സഹോദരി ജീവിത പ്രാരാബ്ധം കൊണ്ടോ മറ്റോ മരണത്തെ സ്വയം തിരഞ്ഞെടുത്തു. അത് അവൾക്ക് മറ്റൊരു ആഘാതമായി. എന്നാലും അവൾ ഡിഗ്രിക്ക് ചേർന്നു. പിന്നീട് ബി.എഡ് പാസ്സായി. പിതാവിൻെറ കൊലയാളിക്ക് ശിക്ഷ കിട്ടിയില്ല. ബന്ധുക്കൾ കാശ് വാങ്ങി കേസ് ഒതുക്കിയത്രെ. അതിൽനിന്ന് 3000 രൂപ അവളുടെ പേരിൽ നിക്ഷേപിച്ചു. അവളന്ന് മൈനർ ആയിരുന്നല്ലോ. എന്നാൽ വിധി കൊലയാളിയെ വെറുതെ വിട്ടില്ല. മലമുകളിലെ സ്വന്തം തോട്ടത്തിൽനിന്ന് ജീപ്പ് ഓടിച്ച് മടങ്ങുമ്പോൾ നിയന്ത്രണം വിട്ട് അത് ആഴത്തിലേക്ക് മറിഞ്ഞ് ആയാൾക്ക് മരണം സമ്മാനിച്ചു.

അസുഖക്കാരിയായ അവളുടെ മാതാവും വൈകാതെ മരണപ്പെട്ടു. അവളുടെ ഒരു കൂട്ടുകാരിയുടെ സഹോദരൻ അവളെ കല്യാണം കഴിച്ചു. അവൻെറ മാതാവ് സഹോദരിമാരുടെ കല്യാണക്കാര്യം ആലോചിക്കുമ്പോൾ ആ അനാഥ മോളുടെ കാര്യവും ശ്രദ്ധിക്കണം എന്ന് അവനോട് പറഞ്ഞിരുന്നു. കോളേജിലെ വിദ്യാർഥി നേതാവായിരുന്നു അന്നവൻ. താൻ വിവാഹം ചെയ്യാൻ ആലോചിക്കുന്ന സമയത്ത് അവൾ വിവാഹിതയായിട്ടില്ലെങ്കിൽ അവളെ വിവാഹം ചെയ്യാൻ തയ്യാറാണ് എന്ന് മാതാവിന് അന്നത്തെ ആ കോളേജ് പയ്യൻ വാക്കു കൊടുത്തിരുന്നു.

ഒരു നാൾ അവൾ ബന്ധുവീട്ടിൽ പോകാൻ ബസ്സ് കാത്തുനിൽക്കുമ്പോൾ പ്രായമുള്ള ഒരാൾ പരിചയപ്പെട്ടു. അവളുടെ പിതാവിൻെറ കൂട്ടുകാരനായിരുന്നു അദ്ദേഹം. പിതാവിൻെറ മരണകാരണമടക്കം ഉമ്മയിൽ നിന്നും അറിയാത്ത പലതും അവൾ അദ്ദേഹത്തിൽ നിന്ന് കേട്ടറിഞ്ഞു. ബസ് വരാൻ കാത്തുനിന്ന അരമണിക്കൂറോളം സമയം അയാൾ ഓർമച്ചെപ്പിൽ പരതി വാത്സല്യത്തോടെ പഴയ കാര്യങ്ങൽ ഒന്നൊന്നായി അവളുമായി പങ്കുവവച്ചു. പിതാവിൻെറ ലാളന പോയിട്ട് നേരിൽ ഒന്നു കാണാൻ പോലും ഭാഗ്യം കിട്ടാത്ത അവൾ നിറകണ്ണുകളോടെ എല്ലാം കേട്ടിരുന്നു. വളരെ നല്ലവനായിരുന്നു ഉപ്പ എന്ന് അദ്ദേഹം പറഞ്ഞപ്പോൾ അവളുടെ കവിളിൽ കണ്ണുനീർ ചാലിട്ടു

ബസ്സിൽ കേറിയിട്ടും തിരികെ വീട്ടിൽ എത്തി ദിവസങ്ങൾ കഴിഞ്ഞിട്ടും അവളുടെ മനസ്സിൽനിന്ന് പിതാവിനെക്കുറിച്ചുള്ള കഥകൾ മാഞ്ഞുപോയില്ല. ഊണിലും ഉറക്കത്തിലും അത് പിന്തുടർന്നു കൊണ്ടേയിരുന്നു. അവളുടെ പേരിൽ നിക്ഷേപിച്ച പണം അവൾ ദാനം ചെയ്തിരുന്നു. ആ ചോര പുരണ്ട പണം വേണ്ട എന്ന് മാതാവും പറഞ്ഞിരുന്നു.

ഇപ്പോൾ അവൾ അധ്യാപികയാണ്. സർക്കാർ അധ്യാപകനായ ഭർത്താവിനും നാല് മക്കൾക്കുമൊപ്പം ജീവിക്കുന്നു. എവിടെയാണ് ഇന്നവൾ എന്ന എൻെറ ചോദ്യത്തിന് സുഹൃത്ത് ചെറു ചിരിയോടെ മറുപടി പറഞ്ഞു: 'നാൽപത്തിയൊന്നുകാരിയായ അവൾ എൻെറ പ്രിയപ്പെട്ട ഭാര്യയാണ്...!' ■




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244
WhatsApp: 9207525244

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
**4** പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

ഈ ഓഫർ
ഡിസംബർ 5 മുതൽ
ജനുവരി 15 വരെ

yono SBI | SBI Payments
MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI
SCAN & PAY
BHIM SBI Pay
BHIM | UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JANUARY 22

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

വിപണിയിൽ

# നേർപഥം

സ്പെഷ്യൽ പതിപ്പ്

# കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ
പൈതൃകമുൾക്കൊള്ളുന്ന
ഭൂപ്രദേശമാണ് ഇന്നത്തെ കേരളം.
വൈദേശികരുമായുള്ള ആദാന
പ്രദാനങ്ങളിലൂടെ സംസ്കാരം
കരുപ്പിടിപ്പിച്ച മലയാളനാടിന്റെ
പായും പങ്കായവുമായി വർത്തിച്ച
മുസ്‌ലിം ജനവിഭാഗത്തിന്റെ
അതിജീവന അടയാളങ്ങളെ
രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100